# 15

# മുഖവുര

## (1 ശമുവേൽ 16)

1974, മേയ് 12-നു ഞായറാഴ്ച്ച രാവിലെ, ഞാനും കുടുംബവും ഇറ്റലിയിലെ, ഫ്ളോറൻസിലുള്ള, കർത്താവിന്റെ സഭയിൽ ആരാധിക്കുവാനായി പോയി. ആരാധന കഴിഞ്ഞയുടനെ തന്നെ, ഫ്ളോറൻസിലെ ഒരു മിഷ്ണറിയായിരുന്ന, ഏൾ എഡ്‌വേഡ്സ്, ഞങ്ങളെ അദ്ദേഹത്തിന്റെ കാറിലേക്കു ധൃതിയിൽ കൂട്ടിക്കൊണ്ടുപോയി. കഴുത്തൊടിയുന്ന സ്പീഡിൽ, കാറോടിക്കുമ്പോൾ അദ്ദേഹം പറഞ്ഞു, “മ്യൂസിയം രണ്ടു മണിക്ക് അടക്കും, തിങ്കളാഴ്ച്ച തുറക്കുകയില്ല - നിങ്ങൾ ചൊവ്വാഴ്ച്ച ഇവിടെ കാണുകയുമില്ല!” ദൈവകൃപയാൽ, ഞങ്ങൾ ഗല്ലേറിയാ ഡെല്ലിന്റെ അക്കാഡെമിയിൽ കുഴപ്പം കൂടാതെ എത്തി.

അകത്ത്, മൈക്കലാഞ്ചലോ ഭാഗികമായി പൂർത്തിയാക്കിയ പ്രതിമകളാൽ നിറഞ്ഞ ഒരു ഹാളിൽകൂടെ ഞങ്ങൾ നടന്നു നീങ്ങി - കട്ടിയുള്ള കല്ലിനെ കടഞ്ഞെടുത്തു കൊത്തുപണികൾ ചെയ്തിരിക്കുന്നത് എന്നെ അത്ഭുതപ്പെടുത്തി. പിന്നെ ഞങ്ങൾ വലിയ ഒരു മുറിയിലേക്കു കടന്നു. ഞങ്ങൾക്കു മുൻപിൽ പതിനാല് - അടിയുള്ള ഭീമാകാരവും, മൈക്കലാഞ്ചലോ ഉണ്ടാക്കിയതെന്നു എല്ലാവരും കരുതുകയും ചെയ്യുന്ന ഒന്നുണ്ടായിരുന്നു: അത് *ദാവീദിന്റെ* പ്രതിമയാണ്.

ശത്രുവിനെ അഭിമുഖീകരിക്കുന്ന, യുവ ദാവീദിന്റെ പ്രതിമയായിരുന്നു അത്. അവന്റെ നെറ്റി ചുളിഞ്ഞിരുന്നു, അവന്റെ ദ്യോതകമായ കണ്ണുകൾ എതിരാളിയിൽ പതിഞ്ഞിരുന്നു. അവന്റെ കവിണസഞ്ചി തോളിൽ വിലങ്ങനെ തൂങ്ങി കിടന്നിരുന്നു. അവന്റെ ശരീരം സമ്മർദ്ദമില്ലാതെ, എന്നാൽ മുറുകി പ്രവൃത്തിക്കു തയ്യാറായിരിക്കുന്നു. ഒരു സംശയവും കൂടാതെ വിജയം ഉറപ്പിച്ചിരുന്നു. ശ്വാസം വലിച്ചുവിടുമ്പോൾ നെഞ്ച് വികസിക്കുന്നതു പോലെയും, ചുണ്ടുകൾ വിശ്വാസമുള്ള ഈ വാക്കുകൾ പറയുന്നതുപോലെയും തോന്നിപ്പിക്കുന്നതായിരുന്നു ശില്പിയുടെ കരവിരുത്: “നീ വാളും, കുന്തവും, വേലുമായി എന്റെ നേരെ വരുന്നു, ഞാനോ നീ നിന്ദിച്ചിട്ടുള്ള യിസ്രായേൽ നിരകളുടെ ദൈവമായ സൈന്യങ്ങളുടെ യഹോവയുടെ നാമത്തിൽ നിന്റെ നേരെ വരുന്നു, ... യുദ്ധം യഹോവക്കുള്ളത് അവൻ നിങ്ങളെ ഞങ്ങളുടെ കയ്യിൽ ഏൽപിച്ചു തരും” (1 ശമുവേൽ 17:45, 47). ഏൾ എഡ്‌വേർഡ്സ് ഞങ്ങളെ ധൃതിപിടിച്ചു കൊണ്ടു പോകുവാൻ കാരണം *ദാവീദിനെ* കാണാതെ ഫ്ളോറൻസ് യാത്ര പൂർണ്ണമാകയില്ല എന്നവൻ അറിഞ്ഞിരുന്നതുകൊണ്ടാണ്.

എങ്ങനെയായാലും, എത്ര ഗംഭീരമാണെങ്കിലും, ആ പ്രതിമ അതിന്റെ പിന്നിലെ വിഷയത്തെ വെളിപ്പെടുത്തുമ്പോൾ മങ്ങുന്നു: ദാവീദ് - പഴയനിയമത്തിൽ അവന്റെ ജീവിതത്തെ വിവരിക്കുവാൻ അറുപത്തി - ആറു അദ്ധ്യായങ്ങൾ വേണ്ടിവരുകയും, പുതിയനിയമത്തിൽ അവന്റെ പേർ അൻപ

ത്തി – ഒമ്പതു പ്രാവശ്യം പറഞ്ഞിരിക്കുകയും, ബൈബിളിൽ “ദൈവത്തിന്റെ ഹൃദയത്തിന്നു ബോധിച്ചവൻ” എന്നു പറഞ്ഞ ഏകവ്യക്തിയും അവനാണ്.

ശൗലിനെ രാജസ്ഥാനത്തു നിന്നു നീക്കിയശേഷം, 1 ശമുവേൽ 13:14-ൽ, ശമുവേൽ പറഞ്ഞു, “ഇപ്പോഴോ നിന്റെ രാജത്വം നിലനിൽ ക്കയില്ല. *തനിക്കു ബോധിച്ച* ഒരു പുരുഷനെ യഹോവ അന്വേഷിച്ചിട്ടുണ്ട്, അവനെ യഹോവ തന്റെ ജനത്തിന്നു പ്രഭുവായി നിയമിച്ചിരിക്കുന്നു.” (എംഫസിസ് മൈൻ.) പ്രവൃത്തികൾ 13-ൽ, പിസ്ദ്യയിലെ അന്ത്യോക്യയിലെ പള്ളിയിൽ വെച്ചുള്ള പ്രസംഗത്തിൽ, പൗലൊസ് ശൗലിനെ കുറിച്ചു സംസാരിച്ചശേഷം, ഇങ്ങനെ പറഞ്ഞു: “അവനെ നീക്കിയിട്ട്, ദാവീദിനെ അവർക്കു രാജാവായി വാഴിച്ചു, ‘ഞാൻ യിശ്ശായിയുടെ മകനായ ദാവീദിനെ, *എനിക്കു ബോധിച്ച പുരുഷനായി* കണ്ടു, അവൻ എന്റെ ഹിതമെല്ലാം ചെയ്യും എന്നു, അവനെക്കുറിച്ചു സാക്ഷ്യം പറഞ്ഞു’” (വാ.22; എംഫസിസ് മൈൻ)

ദാവീദിന്റെ ജീവിതത്തെ പരാമർശിക്കുന്ന അദ്ധ്യായങ്ങൾ അവന്റെ *ഹൃദയത്തിന്* പ്രാധാന്യം കൊടുക്കുന്നതുപോലെ *ചരിത്രത്തിന്* പ്രാധാന്യം കൊടുക്കുന്നില്ല.

“ദൈവത്തിനു ബോധിച്ച പുരുഷൻ” എന്നാൽ എന്താണ് അർത്ഥം? ആ വാക്ക് പൂർണ്ണതയെയാണോ സൂചിപ്പിക്കുന്നത്? ഒട്ടുമല്ല. ദാവീദ് മ്യൂസിയത്തിലെ ഒരു മാർബിൾ വിശുദ്ധനായിരുന്നില്ല. അവന്റെ ഞരമ്പുകളിൽ കൂടി ചുടുചോര ഒഴുകി, അവന്റെ ശരീരത്തിനു ശക്തമായ വികാരവുമുണ്ടായിരുന്നു. മറ്റാരും പറക്കാതിരുന്ന ഉയരത്തിൽ ദാവീദ് പറന്നിട്ടുണ്ട്; അവൻ ശക്തമായി തകരുകയും ചെയ്തിട്ടുണ്ട്.

ആ വാക്കിന്റെ അർത്ഥം ദൈവത്തിന്റെ ഹൃദയവുമായി യോജിച്ചുപോകുന്ന ഒരാളുടെ ഹൃദയം എന്നാണ്. നാം ഇന്നു അതിനു ഒരു പ്രയോഗം നടത്തും: “എന്റെ മനസിനിണങ്ങിയ ആൾ അതാ പോകുന്നു.” ഇതിനെ നാം അർത്ഥമാക്കുന്നത്, “എനിക്കു തോന്നുന്നതുപോലെയാണ് അയാൾക്കും *തോന്നുന്നത്*” എന്നാണ്. അതായതു നമുക്കു നമ്മെക്കുറിച്ചു ശക്തമായ അഭിപ്രായമുണ്ടെന്നർത്ഥം.

ദാവീദിന്റെ ജീവിതത്തെ അവലോകനം ചെയ്താൽ, അവന്റെ നല്ല കാലവും മോശമായ കാലവും നാം മനസിലാക്കും; അവന്റെ ഉയർച്ചയും താഴ്ച്ചയും നാം കാണും. ദാവീദ് തന്റെ കഴിവനുസരിച്ചു നന്നായ പ്പോഴോ ഏറ്റവും മോശമായപ്പോഴോ, അവന്റെ ബന്ധം എപ്പോഴും ദൈവത്തോടായിരുന്നു. ദാവീദിന്റെ ആത്മീയതയെ ജീവിതകൊടുങ്കാറ്റ് ഇളക്കിയെങ്കിലും, ആരവം ഒതുങ്ങിയപ്പോൾ, അവന്റെ സൂചി കൃത്യമായും അവന്റെ ആത്മിയ ദിശയിലേക്ക് – അവന്റെ ദൈവത്തിലേക്കു തിരിഞ്ഞിരുന്നു.

നമുക്ക് എങ്ങനെ “ദൈവത്തിനു ബോധിച്ച” സ്ത്രീപുരുഷന്മാരായിത്തീരുവാൻ കഴിയും? ദാവീദ് ഒരു സുപ്രഭാതത്തിൽ, മുപ്പതു അല്ലെങ്കിൽ നാല്പതു വയസു പ്രായമുള്ള, “ദൈവത്തിനു ബോധിച്ച” പുരുഷനെ പോലെ ആയി തീർന്നതാണോ? അല്ല, അവൻ ദൈവത്തിനു ബോധിച്ച ഹൃദയമുള്ള പുരുഷനാകാൻ കാരണം അവൻ ആദ്യമേ ദൈവത്തിനു ബോധിച്ച ഹൃദയമുള്ള *ഒരു ബാലനായി*രുന്നു. ദാവീദ് രാജാവായിത്തീരുന്നതിനു അനേകവർഷം മുൻപുതന്നെ അവന്റെ ഹൃദയം ദൈവത്തിനു ബോധിച്ചതാകുവാൻ തുടങ്ങിയിരുന്നു.

“തനിക്കു ബോധിച്ച ഒരു പുരുഷനെ യഹോവ അന്വേഷിച്ചിട്ടുണ്ട്,

അവനെ യഹോവ തന്റെ ജനത്തിന്നു പ്രഭുവായി നിയമിച്ചിരിക്കുന്നു" എന്നു, ശമുവേൽ പറഞ്ഞപ്പോൾ (1 ശമുവേൽ 13:14), ശൗൽ തന്റെ വാഴ്ച്ച ആരംഭിച്ചിട്ടേയുള്ളൂ. ദാവീദ് ഒരുപക്ഷെ ജനിച്ചിരിക്കയില്ല, ഇനി അഥവാ ജനിച്ചാൽ തന്നെ, ചെറിയ ബാലനായിരുന്നേക്കാം.[1] വർഷ ങ്ങൾക്കു ശേഷം, ശൗലിനെ രണ്ടാമതും രാജസ്ഥാനത്തുനിന്നു തള്ളിയപ്പോൾ, ശമുവേൽ പറഞ്ഞു, "യഹോവ ഇന്നു യിസ്രായേലിന്റെ രാജത്വം നിങ്കൽനിന്നു കീറി, നിന്നേക്കാൾ ഉത്തമനായ നിന്റെ കൂട്ടുകാരന്നു കൊടുത്തിരിക്കുന്നു" (1 ശമുവേൽ 15:28). "നിന്റെ കൂട്ടുകാരൻ" എന്നു പറഞ്ഞിരിക്കുന്നതു ദാവീദിനെ[2] ഉദ്ദേശിച്ചാണ്, എന്നാൽ ദാവീദ് അപ്പോഴും ഒരു പുരുഷനായി തീർന്നിട്ടില്ല. അവൻ തന്റെ അപ്പന്റെ ആടുകളെ മേയ്ക്കുന്ന, ഒരു ബാലനായിരുന്നു. എങ്ങനെയായാലും, അവൻ, ദൈവത്തിന്റെ വചനത്തിൽ തന്നെ ശ്രദ്ധേയനാക്കിയതായ ആ ഗുണങ്ങൾ തന്നിൽ വളർത്തിയെടുക്കുവാൻ തുടങ്ങിയിരുന്നു.

നാം ദാവീദിനെക്കുറിച്ചുള്ള പരമ്പരകൾ പഠിക്കുവാൻ തുടങ്ങുമ്പോൾ, അവൻ എങ്ങനെയാണ് "ദൈവത്തിനു ബോധിച്ച മനുഷ്യൻ" ആയി തീർന്നതെന്നു നമുക്കു നോക്കാം.

## നടക്കുവാൻ പഠിച്ച ഒരു മകൻ

യെഹൂദാ ഗോത്രത്തിൽ നിന്നാണ് ദാവീദ് വരുന്നത്. യാക്കോബിനു പിതാക്കന്മാരുടെ അനുഗ്രഹം[3] ലഭിച്ചതനുസരിച്ചു, യെഹൂദാ രാജകീയ ഗോത്രമാണ്. എങ്ങനെയായാലും, ആ സമയം വരെ, അറിയപ്പെടേണ്ടതായി ആ ഗോത്രം ഒന്നും ചെയ്തിരുന്നില്ല.

ചെറുതും മനോഹരവുമായ രൂത്തിന്റെ പുസ്തകത്തിൽ ദാവീദിന്റെ പശ്ചാത്തലം അധികവും കാണാം. ഭർത്താവു മരിച്ച മോവാബ്യ സ്ത്രീയായിരുന്നു രൂത്ത്; അവളുടെ അമ്മായി-അമ്മ-ആയ, നവോമിയുമായി അവൾ യോഹൂദ്യയിലെത്തി. രൂത്തും ബോവാസും തമ്മിലുളള വിവാഹാഭ്യർത്ഥനയെ കുറിച്ച് പുസ്തകം വിവരിക്കുന്നുണ്ട്. രൂത്തും ബോവാസും വിവാഹം കഴിച്ചശേഷം, അവർക്കു ഒരു മകൻ ജനിക്കുകയും ചെയ്തു. സ്ത്രീകളെല്ലാം ചുറ്റും കൂടിയപ്പോൾ, നവോമി കുട്ടിയെ വാങ്ങി മടിയിൽ കിടത്തി. "അയൽക്കാരി സ്ത്രീകൾ വന്നു, പറഞ്ഞു, 'നവോമിക്കു ഒരു മകൻ നല്കപ്പെട്ടിരിക്കുന്നു!' അങ്ങനെ അവർ അവനു ഒബേദ് എന്നു പേരിട്ടു. അവനാണ് ദാവീദിന്റെ അപ്പൻ, യിശ്ശായിയുടെ അപ്പൻ" (രൂത്ത് 4:17). അടുത്ത അഞ്ചു വാക്യങ്ങളിൽ[4] ദാവീദിന്റെ ശേഷിച്ച വംശാവലിയെ പ്രതിപാദിക്കുന്നതു പത്തുതലമുറക്കു മുൻപുള്ള യെഹൂദയുടെ[5] മകനായ, പെരെസിലേക്കാണ് പോകുന്നത്.

രൂത്തും ബോവാസും താമസിച്ചിരുന്നത് ബേത്ത്ലഹേമിലായിരുന്നു,[6] അത് ഇന്നത്തെ യെരുശലേമിൽ നിന്നു അഞ്ചോ ആറോ മൈൽ അകലെ തെക്കു പടിഞ്ഞാറായി സ്ഥിതി ചെയ്തിരുന്ന ഒരു കുഗ്രാമമായിരുന്നു. അവിടെയാണ് അവരുടെ മകൻ ഒബേദും അവരുടെ കൊച്ചുമകൻ, യിശ്ശായിയും, താമസിച്ചിരുന്നതു - അവിടെ വെച്ചായിരുന്നു അവരുടെ വലിയ കൊച്ചുമകനായ, ദാവീദ്, ജനിക്കുന്നതും.[7]

എട്ടു ആൺകുട്ടികളും രണ്ടു പെൺകുട്ടികളും[8] അടങ്ങുന്ന - പത്തു മക്കളിൽ എറ്റവും ഇളയവനായിരുന്നു ദാവീദ്. പലപ്പോഴും ഇളയ മകനോടാണ് വാൽസല്യമുണ്ടാകുക, പക്ഷെ ദാവീദിന്റെ കാര്യത്തിൽ അങ്ങനെയാ

യിരുന്നില്ല. അവർ അവന്നു "ദാവീദ്,"[9] എന്നു പേരിട്ടു അതിനർത്ഥം "പ്രിയപ്പെട്ടവൻ," എന്നാൽ ആദ്യം അതു ഉചിതമല്ലാത്ത പേരായിട്ടാണ് തോന്നിയത്. ഒരു കുട്ടിയായിരുന്നപ്പോൾ അവന്റെ കുടുംബത്തിലുള്ളവർ[10] അവനെ അനുമോദിച്ചിരുന്നില്ല. ചിലർ[11] അവനെ ഇഷ്ടപ്പെടാതിരിക്കുക പോലും ചെയ്തു.

അവന്റേതു ദരിദ്ര[12] കുടുംബമായിരുന്നു. ബോവാസ് ആണെങ്കിൽ ധാരാളം ദാസന്മാരുള്ള സമ്പൽ-സമൃദ്ധിയുള്ളവൻ ആയിരുന്നു, എന്നാൽ യിശ്ശായിയുടെ സമയം ആയപ്പോഴേക്കും, ആ കുടുംബം വളരെ താഴ്ന്നുപോകയും പ്രയാസപ്പെടുകയും ചെയ്തു. "കുലമഹിമയിൽ വളരെ താഴ്ന്നവൻ" എന്നപോലെ ദാവീദിനെ സാധാരണ ദാസന്മാർ[13] ചെയ്തിരുന്ന വിരസവും, പ്രയാസവും, നിന്ദ്യവുമായ ജോലികൾ ആണ് ചെയ്യുവാൻ ഏല്പിച്ചിരുന്നത്.

അപ്രധാനമായ ഒരു ഗ്രാമത്തിൽ നിസാരനായി, ഒരു ദരിദ്രകുടുംബത്തിൽ, അനുമോദിക്കപ്പെടാതെ തന്റെ സഹോദരന്മാരാൽ നിന്ദിക്കപ്പെട്ടവനായി, സാധാരണക്കാർ ചെയ്യുവാൻ മടിച്ച ജോലി ചെയ്യുവാൻ നിർബ്ബന്ധിതനായിരുന്നു ദാവീദ്. അവന് എത്ര എളുപ്പത്തിൽ കയ്പ്പുള്ളവനാകാമായിരുന്നു! അവന് എത്ര എളുപ്പത്തിൽ തന്റെ അനുസരണക്കേടിനു ദൈവത്തെയും, കുടുംബത്തെയും, സമൂഹത്തെയും, കുറ്റപ്പെടുത്തുവാൻ കഴിയുമായിരുന്നു! എങ്ങനെയായാലും, അതായിരുന്നില്ല, ദാവീദിന്റെ പ്രതികരണം. മറിച്ച്, ബാലനായിരുന്നപ്പോൾ തന്നെ, അവൻ ദൈവത്തോടുകൂടെ നടക്കുവാൻ തുടങ്ങി.

റുമേനിയയിലുള്ള, എന്റെ കൊച്ചുമകൾ, റേച്ചൽ നടക്കുവാൻ തുടങ്ങിയെന്നു രണ്ടു ദിവസം മുൻപാണ്, ഞാൻ അറിഞ്ഞത്. (എന്റെ മകൾ പറഞ്ഞതു കൊച്ചുമകൾ ഇപ്പോൾ പുറകെ നടന്നു അവളെ എല്ലാംകൊണ്ടും ക്ഷീണിപ്പിക്കുകയാണ് എന്നാണ്!) നടക്കുവാൻ ശീലിക്കുക എന്നതു ഏതൊരു കുട്ടിയുടെയും ജീവിതത്തിലെ നാഴികക്കല്ലാണ്. എങ്ങനെയായാലും, ദൈവവഴിയിൽ നടക്കുവാൻ ശീലിക്കുന്നതു, അതിനേക്കാൾ വളരെ പ്രാധാന്യമുള്ളതാണ്. അപ്പൊസ്തലനായിരുന്ന യോഹന്നാൻ എഴുതി: "എന്റെ മക്കൾ സത്യത്തിൽ നടക്കുന്നു എന്നു കേൾക്കുന്നതിനേക്കാൾ, വലിയ സന്തോഷം എനിക്കില്ല" (3 യോഹന്നാൻ 4).

ആരംഭ പ്രായത്തിൽ തന്നെ തന്റെ ജീവിതം കർത്താവിന്നു സമർപ്പിക്കപ്പെടുവാൻ അവനെ സ്വാധീനിച്ച കാര്യങ്ങൾ മുഴുവനും നമുക്കറിയില്ല. ആൺകുട്ടികൾ ന്യായപ്രമാണത്തിലെ ഉപദേശങ്ങൾ പഠിക്കുന്നതു യെഹൂദസമ്പ്രദായമായിരുന്നു. അതിനുപുറമെ, ദാവീദിന്റെ കുടുംബം ഒത്തൊരുമിച്ചു കൂടുമ്പോൾ, ദൈവം യിസ്രായേൽ ദേശത്തോടു ചെയ്തതിന്റേയും അവരെ വാഗ്ദത്തദേശത്തേക്കു കൊണ്ടുവന്നതിന്റേയും മനോഹരകഥകൾ അവൻ കേട്ടിരിക്കാം. തന്റെ സ്വന്തകുടുംബത്തെയും ദൈവം എത്രമാത്രം അനുഗ്രഹിച്ചിരിക്കുന്നു എന്നും അവൻ കേട്ടിരിക്കും: രൂത്തും ബോവാസും, ഒബേദും, ഇപ്പോൾ യിശ്ശായിയും അവന്റെ മക്കളും. ദാവീദ് അതെല്ലാം ശ്രദ്ധിച്ചപ്പോൾ, ദൈവവചനവിത്ത് പ്രതികരിക്കാത്തമണ്ണിലല്ല[14] വീണത്. മറിച്ചു അതു ശക്തമായി വളർന്നു, ഇളകാത്ത, ഉറച്ച കർത്താവിലുള്ള[15] വിശ്വാസമായി തീർന്നു.

ഓരോ അപ്പനും ഇവിടെ പഠിക്കാവുന്ന പാഠങ്ങളുണ്ട്. നമ്മുടെ കുട്ടികൾക്ക് ആഴത്തിലിറങ്ങേണ്ട ആത്മീയ വേരുകൾ നമുക്കു നല്കാം. ദൈവത്തിന്റെ വിശുദ്ധപുസ്തകത്തിലെ[16] ജ്ഞാനവും, അതിനു വേണ്ടിയുള്ള

സ്നേഹവും, കുട്ടികളിൽ ജ്വലിപ്പിക്കുവാൻ ഇനിയും വൈകിയിട്ടില്ല.

വ്യക്തികൾ എന്ന നിലയിൽ നമുക്ക് ഓരോരുത്തർക്കും വേറെ പാഠങ്ങളും പഠിക്കുവാനുണ്ട്. നമുക്ക് ഓരോരുത്തർക്കും ദൈവത്തോട് ഉത്തരവാദിത്വമുണ്ട്. കർത്താവിനെ അനുസരിക്കാതിരിക്കുന്നതിനു നമുക്ക് മറ്റുള്ളവരെയോ സാഹചര്യത്തെയോ കുറ്റപ്പെടുത്താവുന്നതല്ല. ചെറുപ്പമായാലും പ്രായമായാലും, നാം ഓരോരുത്തരും യഹോവയോടു കഴിയുന്നതും വേഗത്തിൽ - വ്യക്തിപരമായി സമർപ്പിക്കപ്പെടണം. യജ മാനനോടുകൂടെ നടക്കുവാൻ ശീലിക്കേണ്ടതിനു സമയം എടുക്കും.

## ഒരു ആട്ടിടയൻ ജോലി ചെയ്യുവാൻ പഠിച്ചു

ദാവീദിന്റെ ആരംഭജീവിതത്തെക്കുറിച്ച് നമുക്ക് അറിയാവുന്ന ഒരു കാര്യം അവൻ ആടുകളെക്കുറിച്ചു കരുതലുള്ളവനായിരുന്നു എന്നതാണ്. വേറെ മകൻ ഇനിയുണ്ടോ എന്നു ശമുവേൽ യിശ്ശായിയോടു ചോദിച്ചപ്പോൾ, യിശ്ശായി പറഞ്ഞു, "ഇനി ഉള്ളതിൽ ഇളയവനുണ്ട്, അവൻ, ആടുകളെ മേയ്ക്കയാകുന്നു" (1 ശമുവേൽ 16:11). നാം വായിക്കുന്നു, "ദാവീദ് ശൗലിന്റെ അടുക്കൽനിന്നു തന്റെ അപ്പന്റെ ആടുകളെ മേയിപ്പാൻ ... ബേത്ത്ലഹേമിൽ പോയിവരിക പതിവായിരുന്നു" (1 ശമുവേൽ 17:15). സൈന്യത്തിലുള്ള തന്റെ മൂന്നു സഹോദരന്മാർക്കു വേണ്ട സാധനങ്ങളുമായി ദാവീദ് ചെന്നപ്പോൾ, അവരിൽ ഒരാൾ അല്പം നിന്ദാഗർഭമായി പറഞ്ഞു, "മരുഭൂമിയിൽ ആ കുറെ ആടുള്ളത് നീ ആരുടെ പക്കൽ വിട്ടേച്ചു പോന്നു?" (1 ശമുവേൽ 17:28).[17]

ഒരു ആട്ടിടയനായ ബാലൻ എന്ന ദാവീദിനെകുറിച്ചുള്ള സംഭവങ്ങൾ ബൈബിളിലില്ല. എങ്ങനെയായാലും, നമുക്ക്, ആ ജീവിതത്തെക്കുറിച്ചുള്ള ചിത്രം സങ്കീർത്തനങ്ങളിൽനിന്നും മറ്റു വേദവാക്യങ്ങളിൽനിന്നും, അതിനുപുറമെ ആ തൊഴിലിനെ കുറിച്ചുള്ള മറ്റു ഉറവിടങ്ങളിൽ നിന്നും ലഭിക്കാവുന്നതേയുള്ളൂ.

ആടുകളെ മേയ്ക്കൽ മാന്യമായ ജോലിയായിരുന്നു, പക്ഷെ താഴ്ന്ന ജോലിയുമായിരുന്നു.

ആടുകളെ മേയ്ക്കൽ ഒറ്റക്കുള്ള ജീവിതമായിരുന്നു, ആടുകളൊഴിച്ചു[18] മറ്റാരും കൂട്ടിനില്ലാത്ത ജീവിതമാണ്.

ആടുകളെ മേയ്ക്കൽ ഉത്തരവാദിത്വമുള്ള ജോലി ആയിരുന്നു. ഇടയൻ ആടുകളേയും അവയെ കരുതേണ്ടത് എങ്ങനെ എന്നും അറിയണം. പാലസ്തീനിലെ വഴികളും, മേച്ചിൽപ്പുറങ്ങളും, സ്വഛജലമുള്ള സ്ഥലങ്ങളും അവൻ അറിയേണ്ടിയിരുന്നു. ചിതറിപ്പോകുന്ന ആടുകളെ അവൻ തിരഞ്ഞു കണ്ടെത്തുകയും വേണ്ടിയിരുന്നു. രോഗമുള്ളതിനെയും മുറിവേറ്റതിനെയും കുറിച്ചു അവൻ കരുതേണ്ടിയിരുന്നു. പെണ്ണാടുകളെയും അവയുടെ പ്രസവത്തെയും, കുഞ്ഞാടുകളെയും അവൻ സംരക്ഷിക്കണമായിരുന്നു (സങ്കീർത്തനങ്ങൾ 23; യോഹന്നാൻ 10:1-18; ലൂക്കൊസ് 15:4-6; സങ്കീർത്തനങ്ങൾ 78:71).

ആടുകളെ മേയ്ക്കുന്നതു വിഷമമുള്ള ജീവിതമാണ്. ദാവീദ് തന്റെ ആടുകളെ മേയ്ക്കുന്നതിനെ കുറിച്ചു നിങ്ങൾ ചിന്തിക്കുമ്പോൾ, നിങ്ങളുടെ മനസിലേക്കു വരുന്നത് നീലാകാശത്തിൻ കീഴിൽ കിടക്കുന്ന സുന്ദരമായ പച്ചപ്പുൽപ്പുറത്തെ കുറിച്ചാണെങ്കിൽ, ആ ചിന്തയെ മാറ്റി കടുത്ത സൂര്യപ്രകാ

ശത്തിനു കീഴെ യെഹൂദ്യയിലെ പരുപരുത്ത പാറകളുള്ള മലഞ്ചെരു വിനെയും മരുഭൂമിയിൽനിന്നു വരുന്ന ചൂടും പൊടിയും കലർന്ന കിഴക്കൻ കാറ്റിനെയും കുറിച്ചു ചിന്തിക്കുക. പാലസ്തീനിൽ ആടുകളെ മേയ്ക്കുന്നത് ആരും അനുമോദിക്കാത്ത, ചൂടും, പൊടിയും, ദുർഗ്ഗന്ധവും സഹിക്കേണ്ട ജോലിയാണ്.

ചിലപ്പോൾ, ആടു മേയ്ക്കുന്ന പണി അപകടകരമാണ്. എല്ലായിടത്തും ബൈക്കിൽ ചുറ്റിസഞ്ചരിക്കുന്ന, എന്റെ ഒരു സ്നേഹിതൻ, ബൈക്ക് ഓടിക്കുന്നതിനെ വിവരിച്ചത് "വിരസതയുടെ മണിക്കൂറുകൾ - ഇടയ്ക്കിടക്ക് നടുങ്ങി വിറക്കുന്ന നിഷമങ്ങളാൽ തകരുന്നു!"[19] ഒന്നായിട്ടാണ്. ആടുമേയ്ക്കലിനെക്കുറിച്ചു ദാവീദിനും അതു തന്നെയായിരിക്കും പറയുവാനുള്ളത്. അപകടം നിറഞ്ഞ മലയിടുക്കുകളിലൂടെയായിരുന്നു അവനു ആടുകളെയും കൊണ്ടുപോകേണ്ടിയിരുന്നത്, "കൂരിരുൾ താഴ്വരകളിലൂടെ" (സങ്കീർത്തനങ്ങൾ 23:4). അവന്നു ആടുകളെ കള്ളന്മാരിൽനിന്നു, പ്രത്യേകിച്ചു ഫെലിസ്ത്യരുടെ മോഷണങ്ങളിൽനിന്നും, സംരക്ഷിക്കണമായിരുന്നു (യോഹന്നാൻ 10:1). നിസ്സഹായരായ ആട്ടിൻകുട്ടികളെ ഇരയാക്കുവാൻ വരുന്ന വന്യമൃഗങ്ങളെയും തീറ്റിക്കൊതിയന്മാരായ പക്ഷികളെയും അവനു ചെറുക്കേണ്ടതായി വന്നിട്ടുണ്ട്. ഈ കവർച്ചാസ്വഭാവങ്ങളെക്കുറിച്ചു ദാവീദ് ശൗൽരാജാവിനോടു പറഞ്ഞിട്ടുണ്ട്:

> അടിയൻ അപ്പന്റെ ആടുകളെ മേയിച്ചുകൊണ്ടിരിക്കുമ്പോൾ, ഒരിക്കൽ ഒരു സിംഹവും ഒരിക്കൽ ഒരു കരടിയും വന്നു, കൂട്ടത്തിൽനിന്നു ആട്ടിൻകുട്ടിയെ പിടിച്ചു. ഞാൻ പിന്തുടർന്നു അതിനെ അടിച്ചു അതിന്റെ വായിൽനിന്നു ആട്ടിൻകുട്ടിയെ വിടുവിച്ചു; അതു എന്റെ നേരെ വന്നപ്പോൾ, ഞാൻ അതിനെ താടിക്കു പിടിച്ചു അടിച്ചു കൊന്നു. ഇങ്ങനെ അടിയൻ സിംഹത്തെയും കരടിയെയും കൊന്നു; ... (1 ശമുവേൽ 17:34-36).

ഒരു കൗമാര - പ്രായക്കാരൻ സിംഹത്തെയും കരടിയെയും കണ്ണോടു-കണ്ണ് നേരിട്ടു അഭിമുഖീകരിക്കുന്നതു ഒന്നു ഊഹിച്ചു നോക്കുക! അപ്പോൾ ഞാൻ ആണെങ്കിൽ എന്തുചെയ്യുമെന്നു എനിക്ക് അറിയില്ല. ഞാൻ ഓടുമ്പോൾ, എവിടെയെങ്കിലും ഒരുസ്ഥലത്ത് ഏറെ നേരം ഇരിക്കും, എനിക്കു മരത്തിൽ കയറുവാനും അറിയില്ല. എങ്ങനെയായാലും, ദാവീദ്, കൗമാര-പ്രായത്തിലായിരുന്നെങ്കിൽ പോലും, ആ ഭയങ്കര ജന്തുക്കളെ അഭിമുഖീകരിച്ചു അവയെ കൊന്നു! അവനുണ്ടായിരുന്ന ആയുധങ്ങൾ എന്തെല്ലാമായിരുന്നു? അവന്റെ വടിയും (ഒരു ദണ്ഡ് ആയി ഉപയോഗിക്കാവുന്ന ഘനമുള്ള വടി) അവന്റെ കവിണയും (സങ്കീർത്തനങ്ങൾ 23:4; 1 ശമുവേൽ 17:40) - കൂടാതെ അവനു ദൈവത്തിലുള്ള വിശ്വാസവും ആയിരുന്നു. "സിംഹത്തിന്റെയും കരടിയുടെയും കയ്യിൽ നിന്നു എന്നെ രക്ഷിച്ചതു യഹോവയായിരുന്നു," എന്നു അവൻ പറഞ്ഞു (1 ശമുവേൽ 17:37).

തന്റെ ജനത്തെ നയിക്കുവാനായി ആരെയെങ്കിലും ദൈവം തിരഞ്ഞെടുക്കുമ്പോൾ, ഓമനയായി ശുശ്രൂഷിക്കപ്പെടേണ്ട ഒരാളെയല്ല അവൻ കണക്കാക്കുന്നത്. അവൻ നോക്കുന്നത് പ്രവർത്തിക്കുവാൻ അറിയാവുന്നവനെയും, ഉത്തരവാദിത്വമെന്തെന്നു അറിയാവുന്നവനെയും, പ്രയാസം സഹിക്കുവാൻ കഴിവുള്ളവനെയും, ആ ജോലിക്കു എന്തു ചെലവിടേണ്ടിവന്നാലും അതു കാര്യമാക്കാത്തവനെയുമാണ്. ആ പാഠങ്ങളാണ് ബേത്ത്ലഹേമിനു

പുറത്തുള്ള മേച്ചിൽപ്പുറങ്ങളിൽ തനിച്ചായിരുന്നപ്പോൾ ദാവീദ് പഠിച്ചത്. ആടുകളെ എങ്ങനെ മേയ്ക്കാമെന്നു ആദ്യം മനസിലാക്കിയിട്ടാണ് ദാവീദ് യിസ്രായേൽ ജനത്തെ നയിക്കുവാൻ പഠിച്ചത്.

> അവൻ [ദൈവം] തന്റെ ദാസനായ ദാവീദിനെ തിരഞ്ഞെടുത്തു, ആട്ടിൻതൊ
> ഴുത്തുകളിൽനിന്നു അവനെ വരുത്തി;
> തന്റെ ജനമായ യാക്കോബിനെയും
> തന്റെ അവകാശമായ യിസ്രായേലിനെയും മേയ്ക്കേണ്ടതിന്നു, അവൻ
> അവനെ തള്ളയാടുകളെ നോക്കുന്ന വേലയിൽനിന്നു,
> കൊണ്ടുവന്നു.
> അങ്ങനെ അവൻ പരമാർത്ഥഹൃദയത്തോടെ
> അവരെ മേയ്ച്ചു,
> കൈമിടുക്കോടെ അവരെ നടത്തി
> (സങ്കീർത്തനങ്ങൾ 78:70–72).

ഉത്തരവാദിത്വബോധമാണ് ഇന്നത്തെ നമ്മുടെ ഏറ്റവും വലിയ ആവശ്യം. നമുക്കു ജോലിസ്ഥലത്ത് നിരുത്തരവാദിത്വമുണ്ട്. അയൽ ക്കാരോടു നമുക്കു നിരുത്തരവാദിത്വമുണ്ട്. രാഷ്ട്രീയത്തിൽ നമുക്കു നിരുത്തരവാദിത്വമുണ്ട്. വിവാഹബന്ധങ്ങളിൽ നമുക്കു നിരുത്തരവാദിത്വമുണ്ട്. നമ്മുടെ കുടുംബങ്ങളിൽ നമുക്കു നിരുത്തരവാദിത്വമുണ്ട്. സഭയിൽപോലും നമുക്ക് നിരുത്തരവാദിത്വമുണ്ട്.

നമ്മുടെ വ്യക്തിപരമായ ജീവിതവുമായി ഇതിനെ ഒന്നു ബന്ധപ്പെടുത്തി നോക്കാം. നാം ഉത്തരവാദിത്വമില്ലാത്ത വ്യക്തികളാണെങ്കിൽ, നമ്മുടെ വഴികളെ മാറ്റി നമ്മുടെ തെറ്റിന് നമുക്കു മാനസാന്തരപ്പെടാം! ജോലി ചെയ്യുവാൻ അറിയുന്നവരെയും ഉത്തരവാദിത്വം സ്വീകരിക്കുന്നവരെയും മാത്രമാണ് ദൈവം ഉപയോഗിക്കുന്നത്!

നാം മാതാപിതാക്കളാണെങ്കിൽ, മക്കളെ ഉത്തരവാദിത്വമുള്ള സ്ത്രീ പുരുഷന്മാരാകുവാൻ പഠിപ്പിക്കുന്നതിനേക്കാൾ പ്രാധാന്യമുള്ള ചില കാര്യങ്ങളുണ്ട്. എങ്ങനെ ജോലി ചെയ്യണമെന്നു നമുക്കു നമ്മുടെ കുട്ടികളെ പഠിപ്പിക്കാം![20] നമുക്ക് അവരെ ഉത്തരവാദിത്വങ്ങൾ ഏല്പ്പിക്കാം! ചുമതലപ്പെടുത്തിയ ഉത്തരവാദിത്വങ്ങൾ പിടിച്ചുകൊൾവാൻ അവരെ പഠിപ്പിക്കാം! കർത്താവിനാൽ ഉപയോഗിക്കപ്പെടേണ്ടതിനു നമ്മുടെ മക്കളെ നമുക്കു ഒരുക്കാം!

### കാത്തിരിക്കുവാൻ ശീലിച്ച ഒരു ഉൽകൃഷ്ടമാനസൻ

അവസാനം നാം 1 ശമുവേൽ 16 പഠിക്കുവാൻ തയ്യാറായിരിക്കുകയാണ്. 1 ശമുവേലിന്റെ പുസ്തകത്തിൽ ഇതുവരെ, ദാവീദിനെ കുറിച്ചു പറഞ്ഞിട്ടില്ല. ശ്രദ്ധ മുഴുവനും വർണ്ണപ്പകിട്ടുള്ള ശൗൽ രാജാവിന്മേലായിരുന്നു. എങ്ങനെയായാലും, ശൗലിന്റെ വാഴ്ച്ച, അനിഷ്ടമായിതീർന്നു. ദൈവത്തിൽ ആശ്രയിക്കുന്നതിനുപകരം, ശൗൽ തന്റേതായ ജ്ഞാനത്തിലും ശക്തിയിലും ആശ്രയിച്ചു. അവന്റെ വാഴ്ച്ചയുടെ ആരംഭത്തിൽ, ദൈവം നിയോഗിച്ച പ്രവാചകനായ ശമുവേലിന്നു വേണ്ടി കാത്തിരിക്കാതെ, തന്റെ സൈന്യം പരാജയപ്പെടുമെന്ന ഭീതിയാൽ ഒരു യാഗമർപ്പിച്ചു (1 ശമുവേൽ 13:13). പിന്നീട്, ദൈവം പറഞ്ഞതുപോലെ പൂർണ്ണമായി അമാലേക്യരെ നശിപ്പിക്കാതെ, രാജാവി

നെയും മേദസുള്ള മൃഗങ്ങളെയും ശേഷിപ്പിച്ചു (1 ശമുവേൽ 15:2, 3, 9). ദൈവം പിന്നീട് ശമുവേലിനോടു പറഞ്ഞു, "ഞാൻ ശമുവേലിനെ രാജാവായി വാഴിച്ചതിനാൽ എനിക്കു മനസ്താപമായിരിക്കുന്നു, അവൻ എന്നെ വിട്ടുമാറിയിരിക്കുന്നു, എന്റെ കല്പനകളെ നിവൃത്തിച്ചതുമില്ല" (1 ശമുവേൽ 15:11). ശൗലിനെ അഭിഷേകം ചെയ്ത, ശമുവേലിന്നു, ഇതു ഹൃദയഭേദകമായിരുന്നു, എങ്കിലും കർത്താവിന്റെ സന്ദേശം അവൻ ശൗലിനെ ധരിപ്പിച്ചു: "യഹോവ ഇന്നു യിസ്രായേലിന്റെ രാജത്വം നിങ്കൽനിന്നു കീറി, നിന്നേക്കാൾ ഉത്തമനായ നിന്റെ കൂട്ടുകാരന്നു കൊടുത്തിരിക്കുന്നു" (1 ശമുവേൽ 15:28). അടുത്ത രാജാവിനെ അഭിഷേകം ചെയ്യുന്നതും തുടർന്നുള്ള സംഭവങ്ങളും ഒന്നു ശമുവേൽ 16-ൽ പറയുന്നുണ്ട്.

രാമയിൽ[21] ദുഃഖിതൻ - ആയിത്തീർന്ന ശമുവേലിന്റെ അടുക്കൽ യഹോവ വന്നു. "യിസ്രായേലിലെ രാജസ്ഥാനത്തിൽനിന്നു ഞാൻ ശൗലിനെ തള്ളിയെന്നറിഞ്ഞിരിക്കെ, നീ അവനെക്കുറിച്ചു എത്രത്തോളം ദുഃഖിക്കും? കൊമ്പിൽ തൈലം നിറച്ചു, പുറപ്പെടുക; ഞാൻ നിന്നെ ബേത്ത്ലഹേമ്യനായ യിശ്ശായിയുടെ അടുക്കൽ അയക്കും, അവന്റെ മക്കളിൽ ഞാൻ ഒരു രാജാവിനെ കണ്ടിരിക്കുന്നു എന്നു കല്പിച്ചു" (16:1). സൈന്യത്തിൽ ചെന്നു ഒരു ഭടനെ കൊണ്ടുവരുവാൻ ദൈവം ശമുവേലിനോടു പറഞ്ഞില്ല. പ്രവാചകന്മാർക്കുള്ള പരിശീലനകേന്ദ്രങ്ങളിൽ ചെന്നു ഒരു പണ്ഡിതനെ കൊണ്ടുവരുവാൻ ദൈവം പറഞ്ഞില്ല. പ്രമുഖ പട്ടണങ്ങളിൽ ഏതെങ്കിലും ഒന്നിൽചെന്നു ഒരു പട്ടണപ്രധാനിയെ കൊണ്ടുവരുവാൻ ദൈവം ആവശ്യപ്പെട്ടില്ല. മറിച്ചു തകർന്ന പാതയ്ക്കപ്പുറത്തുള്ള ഒരു ചെറിയ ടൗണിൽ - ആ പ്രദേശത്തെ ദരിദ്രകൃഷിക്കാർ താമസിക്കുന്ന സ്ഥലത്തേക്കു[22] ചെല്ലുവാനാണ് അവൻ പറഞ്ഞത്. നമ്മുടെ വഴികളല്ല ദൈവത്തിന്റെ വഴികൾ (യെശയ്യാവു 55:8, 9).

എങ്ങനെയായാലും, ശമുവേൽ, ശൗലിനെ[23] ഭയപ്പെട്ടിരുന്നു. "ഞാൻ എങ്ങനെ പോകും?" അവൻ കർത്താവിനോടു ചോദിച്ചു. "ശൗൽ കേട്ടാൽ, എന്നെ കൊല്ലും" എന്നു പറഞ്ഞു (16:2). തന്നെ മാറ്റുവാൻ പോകുന്നതറിഞ്ഞു, തന്റെ സിംഹാസനത്തിനായി വരുന്നവൻ ആരായിരിക്കും എന്നു നോക്കിയിരിക്കയാണ് ശൗൽ. ദൈവം ശമുവേലിനോടു പറഞ്ഞു, "നീ ഒരു പശുക്കിടാവിനേയും കൊണ്ടു ചെന്നു, 'ഞാൻ യഹോവക്കു യാഗം കഴിപ്പാൻ വന്നിരിക്കുന്നു'" എന്നു, പറക (16:2). ദൈവം ശമുവേലിനോടു കള്ളം പറയുവാനാണോ പറഞ്ഞത്? അല്ല, ശമുവേൽ ഒരു വെളുത്ത പശുക്കിടാവിനെ യാഗംകഴിപ്പാനായി കൊണ്ടുപോയി (16:4, 5). ചില ഒറ്റപ്പെട്ട സാഹചര്യങ്ങളിൽ നാം പ്രാഥമി കകാര്യം മറച്ചുവെച്ചു രണ്ടാമത്തെ കാര്യം വെളിപ്പെടുത്താറുണ്ട്. പക്ഷെ ഈ സംഭവത്തിൽ, ആഭ്യന്തരകലഹം ഒഴിവാക്കുവാൻ രഹസ്യം സൂക്ഷിക്കണമായിരുന്നു - ദൈവം തിരഞ്ഞെടുത്ത ശമുവേലിനെയും സംരക്ഷിക്കണമായിരുന്നു.

ദൈവം തന്റെ നിർദ്ദേശങ്ങൾ തുടർച്ചയായി നല്കിയിരുന്നു: "യിശ്ശായിയേയും യാഗത്തിന്നു ക്ഷണിക്ക, നീ ചെയ്യേണ്ടതു എന്തെന്നു ഞാൻ അന്നേരം നിന്നോടു അറിയിക്കും; ഞാൻ പറഞ്ഞുതരുന്നവനെ നീ എനിക്കായിട്ട് അഭിഷേകം ചെയ്യേണം" (16:3).

ശമുവേൽ കൊമ്പിൽ തൈലം നിറച്ചു തെക്കുള്ള ബേത്ത്ലഹേമിലേക്കു, പശുക്കിടാവുമായി നീങ്ങി. അവൻ ആ ഗ്രാമത്തിൽ എത്തിയപ്പോൾ, "പട്ടണത്തിലെ മൂപ്പന്മാർ വിറെച്ചുകൊണ്ടു അവന്റെ അടുക്കൽ വന്നു" (16:4).

ശമുവേൽ അപ്പോഴും ന്യായാധിപനായി പ്രവർത്തിക്കയായിരുന്നു.[24] അവന്റെ പര്യടനത്തിൽ[25] ഉൾപ്പെട്ടതായിരുന്നില്ല ബേത്ത്ലഹേം, അതുകൊണ്ട് ആ പ്രസിദ്ധനായ ന്യായാധിപൻ അവിടേക്കു വരുന്നു എന്നു കേട്ടപ്പോൾ, ബേത്ത്ലഹേമിലുള്ളവർ എന്തെ ങ്കിലും ക്രൂരകൃത്യം ചെയ്തുകാണുമോ എന്ന സംശയമായിരുന്നു നഗരത്തിലെ ആ ഉദ്യോഗസ്ഥന്മാരിലേക്കു കടന്നുവന്നത്. ഒരുപക്ഷെ ആ ഗ്രാമം മുഴുവൻ ശിക്ഷിക്കപ്പെട്ടേക്കാം. ആ പട്ടണമൂപ്പന്മാർ വിറച്ചുകൊണ്ടു, ചോദിച്ചു, "നിന്റെ വരവു ശുഭം തന്നെയോ?" (16:4). ശമുവേൽ പറഞ്ഞു, "ശുഭം തന്നെ; ഞാൻ യഹോവക്കു യാഗം കഴി പ്പാൻ വന്നിരിക്കുന്നു" (16:5).

നിങ്ങളെത്തന്നെ ശുദ്ധീകരിച്ചു[26] നിങ്ങളും യാഗത്തിന്നു വരുവിൻ എന്നു ശമുവേൽ മൂപ്പന്മാരോടു പറഞ്ഞു (16:5). യാഗം കഴിക്കുമ്പോൾ, സാധാ രണ യാഗവസ്തുവിൽ തിരഞ്ഞെടുത്ത ഭാഗം മാത്രമാണ് അർപ്പിക്കുന്നത്; ശേഷിച്ചവ ഭക്ഷിക്കും.[27] ബേത്ത്ലഹേമിൽ വിരുന്ന് ആഘോഷിക്കുമ്പോൾ, ഔദ്യോഗികമാകുവാൻ യിസ്രായേലിലെ ഏറ്റവും - നന്നായി - അറിയപ്പെടു ന്നവർ സംബന്ധിക്കേണ്ടതുകൊണ്ട്, ആ പ്രമുഖരെ ക്ഷണിച്ചിരിക്കുകയാണ്. ഒരുപക്ഷെ ആ ചെറിയ ടൗണിൽ നടന്ന ആവേശകരമായ സംഭവം ആയി രിക്കാം ഇത്.

യിശ്ശായിയേയും അവന്റെ മക്കളേയും ക്ഷണിക്കുവാനും ശമുവേൽ അവ രോടു പറഞ്ഞിരുന്നു (16:5).[28] യിശ്ശായിക്കു ക്ഷണം ലഭിച്ചപ്പോൾ അതിശയം കൊണ്ടു തുള്ളിച്ചാടിയതു ഒന്ന് ഊഹിച്ചു നോക്കുക! അവന്റെ വെല്ല്യപ്പനാ യിരുന്ന, ബോവാസ്, ആ സമൂഹത്തിലെ ഏറ്റവും ബഹുമാന്യനായ വ്യക്തി ആയിരുന്നേക്കാം. ഒരുപക്ഷെ കാര്യങ്ങളെല്ലാം അവസാനം അവനിലേക്കു നോക്കിയിരുന്നേക്കാം. യിശ്ശായിയും അവന്റെ മക്കളും (ശരി, അവന്റെ മിക്ക മക്കളും) കുളിച്ചു "പള്ളിയിൽ പോകുമ്പോൾ ധരിക്കുന്ന വസ്ത്രമെല്ലാം," ധരിച്ച് ആഘോഷത്തിനായി പോയി.

അവർ അങ്ങനെ വിരുന്നു നടക്കുന്ന സ്ഥലത്തേക്കു പോയപ്പോൾ, ശമു വേൽ യിശ്ശായിയുടെ മൂത്തമകനായ[29] ഏലിയാബിനെ, ഒന്നു നോക്കി. അവൻ പൊക്കമുള്ളവനും ഭംഗിയുള്ളവനും[30] ആയിരുന്നു; അവൻ ഒരു രാജാവിനെ പോലെ *തോന്നി*. "യഹോവയുടെ മുൻപാകെ അവന്റെ അഭി ഷിക്തൻ ഇതാ" എന്നു, ശമുവേൽ വിചാരിച്ചു (16:6).

നാം ഇപ്പോൾ 1 ശമുവേലിലെ ഏറ്റവും പ്രധാനപ്പെട്ട വാക്യത്തിലെത്തി യിരിക്കയാണ്: "യഹോവ ശമുവേലിനോടു, 'അവന്റെ മുഖമോ പൊക്കമോ നോക്കരുതു, ഞാൻ അവനെ തള്ളിയിരിക്കുന്നു; മനുഷ്യൻ നോക്കുന്നതു പോലെ അല്ല, മനുഷ്യൻ കണ്ണിന്നു കാണുന്നതുപോലെ നോക്കുന്നു, യഹോ വയോ ഹൃദയത്തെ നോക്കുന്നു എന്നു അരുളിച്ചെയ്തു'" (16:7). മുഖത്തെ ആലങ്കാരികമായി സൂചിപ്പിക്കുന്ന "കണ്ണുകൾ," എന്നതിനുള്ള എബ്രായ പദത്തിൽ നിന്നു തർജ്ജിമ ചെയ്ത പ്രയോഗമാണ് "പുറമെയുള്ളതു നോക്കുന്നു" എന്നത്.

മനുഷ്യൻ കാണുന്നതിനനുസരിച്ചു വിധിക്കും എന്നതു അന്നും, ഇന്നും, വാസ്തവമാണ്. നമ്മുടെ ഉപദേഷ്ടാക്കന്മാരെ നാം ഉപദേഷ്ടാക്കന്മാരായി കാണുവാൻ ആഗ്രഹിക്കുന്നു (എന്റെ ഭാര്യ ഇപ്പോഴും അതിനു എന്നിൽ ശ്രമം നടത്തിക്കൊണ്ടിരിക്കുന്നു). നമുക്ക് നമ്മുടെ ക്വാർട്ടർബാക്ക്സ് അങ്ങനെ തന്നെ കാണുവാൻ നാം ഇഷ്ടപ്പെടുന്നു. നമ്മുടെ രാഷ്ട്രപതി

മാർ രാഷ്ട്രപതിമാരെപോലെ കാണുവാൻ നാം ആഗ്രഹിക്കുന്നു. ആ വ്യക്തിയേക്കാൾ നാം കൂടുതൽ പ്രാധാന്യം കൊടുക്കുന്നത് പൊതിച്ചിലിനാണ്.

എങ്കിലും, പലപ്പോഴും, ആളുകൾ അവരുടെ പ്രതിരൂപത്തിനനുസരിച്ച് കാണാതിരിക്കുന്നതുകൊണ്ട് നാം നിരാശപ്പെടാറില്ലേ? ഒന്നിലധികം യുവാക്കൾ ഒരു നല്ല മുഖത്തിൽ ഒരു നല്ല ഭാര്യയെ കണ്ടെത്താനാകാത്തതിനാൽ നിരാശരായിട്ടുണ്ട്. സുന്ദരന്മാരെന്നു കണ്ടു അവരെ ഭർത്താക്കന്മാരായി തിരഞ്ഞെടുത്ത ഒന്നിലധികം സ്ത്രീകളും നിരാശരായിട്ടുണ്ട്.

മുകളിൽ ഉയർന്നു കാണുന്നതു നോക്കി, വിധി പ്രസ്താവിക്കുന്നവനല്ല ദൈവം. മറിച്ച് അവൻ നോക്കുന്നത് ഹൃദയത്തെയാണ്.[31] ആരോ പറഞ്ഞു, "*ഏക* ന്യായാധിപൻ ന്യായാധിപനെ *എങ്ങനെ* ന്യായം വിധിക്കണമെന്നു പഠിപ്പിക്കയായിരുന്നു."[32] ദൈവവും *നമ്മെ* വിധിക്കുവാൻ പഠിപ്പിക്കുന്നുണ്ട്. യേശു പറഞ്ഞു, "കാഴ്ച്ചപ്രകാരം വിധിക്കരുത്, നീതിയുള്ള വിധി വിധിപ്പിൻ" (യോഹന്നാൻ 7:24).[33]

യിശ്ശായി അവന്റെ രണ്ടാമത്തെ മകനായ, അബീനാദാബിനെ വിളിച്ചു, സംശയിക്കേണ്ട അവൻ പൊക്കമുള്ളവനും ഭംഗിയുള്ളവനുമത്രേ. ശമുവേൽ തലയാട്ടി പറഞ്ഞു, "യഹോവ ഇവനെയും തിരഞ്ഞെടുത്തിട്ടില്ല" (16:8). പിന്നെ മൂന്നാമത്തെ മകനായ, ശമ്മയുടെ ഊഴമായിരുന്നു. പ്രതികരണം അതു തന്നെയായിരുന്നു: "ഇവനെയും യഹോവ തിരഞ്ഞെടുത്തിട്ടില്ല" (16:9). അവർ ഓരോരുത്തരായി വരുവാൻ തുടങ്ങി: നഥനയേൽ … രദ്ദായി … ഓസേം[34] … യിശ്ശായിയുടെ ഏഴു പുത്രന്മാരും ശമുവേലിന്റെ മുമ്പിൽ വരുന്നതുവരെ ഇതു തുടർന്നു - അവരെല്ലാം സുമുഖന്മാരും, എല്ലാവരും രാജാവിനു പറ്റിയവരെന്നു തോന്നിപ്പിക്കുന്നവർ - എന്നാൽ പര്യവസാനം "ഇവരെ ആരെയും യഹോവ തിരഞ്ഞെടുത്തിട്ടില്ല" എന്നതായിരുന്നു (16:10).

ശമുവേലിനു പരിഭ്രമമായി. യിശ്ശായിയുടെ മക്കളിൽ ഒരാളെ രാജാവായി തിരഞ്ഞെടുത്തിരിക്കുന്നു എന്നാണ് ദൈവം പറഞ്ഞത് (16:1), യിശ്ശായിയുടെ എല്ലാ മക്കളെയും വിരുന്നിനു ക്ഷണിക്കയും ചെയ്തു. ശമുവേൽ യിശ്ശായിയോടു ചോദിച്ചു, "നിന്റെ പുത്രന്മാർ *എല്ലാവരു*മായോ?" (16:11; എംഫസിസ് മൈൻ). "ഇനി ഉള്ളതിൽ ഇളയവൻ ഉണ്ട്, അവൻ, ആടുകളെ മേയ്ക്കയാകുന്നു" എന്നു പറഞ്ഞപ്പോൾ, ഒരുപക്ഷെ യിശ്ശായി ലജ്ജിച്ചിരിക്കാം (16:11). യെഹൂദ പണ്ഡിതന്മാർ പറയുന്ന "ഏറ്റവും ഇളയവൻ" എന്ന വാക്ക് സൂചിപ്പിക്കുന്നത് അവസാനം ജനിച്ചവൻ ആയിട്ടു മാത്രമല്ല, താഴ്ന്ന തരത്തിലുള്ളവനായിട്ടുകൂടെയാണ്.

ദാവീദിനെ ആ വിരുന്നിലേക്കു ക്ഷണിക്കാതിരുന്നതെന്താണ്? ആടുകളെ നോക്കുവാൻ വേറെ ആളെ കിട്ടുക പ്രയാസമായിരിക്കാം, എന്നാൽ ആ പ്രത്യേക സാഹചര്യത്തിൽ[35] ആരെയെങ്കിലും ഏർപ്പെടുത്താമായിരുന്നു. *എല്ലാ* മക്കളെയും ക്ഷണിച്ചിരുന്നു. യിശ്ശായി എന്തുകൊണ്ടാണ് ദാവീദിനെ കൊണ്ടുവരാതിരുന്നത്?[36]

ഒരുപക്ഷെ ദാവീദ് വ്യത്യസ്തനായതുകൊണ്ടാകാം. അവനെ "കോമളരൂപി" എന്നാണ് വിളിച്ചിരുന്നത് (16:12). "റെഡ്" എന്നതിന്റെ എബ്രായ വാക്കിൽ നിന്നാണ് "റഡ്ഡി" എന്നത്; അതേ വാക്കാണ് ഏശാവു എന്നതിനും ഉപയോഗിച്ചിരിക്കുന്നത്, അവൻ ചുമന്ന രോമത്താൽ മൂടപ്പെട്ടിരുന്നു (ഉൽപത്തി 25:25). സ്പഷ്ടമായും തന്റെ വംശത്തിലെ[37] ചില വിദേശജനിതക ഘടകങ്ങൾ ദാവീദിനു തന്റെ ശരീരത്തിലുണ്ടായിരുന്നു. "റഡ്ഡി" എന്നത്

അർത്ഥമാക്കുന്നതു ദാവീദ് കോമളരൂപനായിരുന്നു എന്നാണ് - അല്ലെങ്കിൽ തല ചുവന്നവനും മുഖത്ത് മറുകുള്ളവനും ആയിരുന്നു അവൻ എന്നും അത് അർത്ഥമാക്കാം. രണ്ടു വിധത്തിലായാലും, അവന്റെ രൂപം ഒരു യെഹൂദനു യോജിച്ചതായിരുന്നില്ല.

ദാവീദ് വ്യത്യസ്തനായി കാണപ്പെടുക മാത്രമല്ല; പ്രവർത്തിച്ചതും വ്യത്യസ്തമായിട്ടായിരുന്നു. അവൻ വാസ്തവത്തിൽ ഒരു യഥാർത്ഥ മനുഷ്യനിലെ മനുഷ്യനായിട്ടല്ല പ്രവർത്തിച്ചത്. അവൻ കവിത രചിച്ചു, വീണ വായിക്കയും ചെയ്തിരുന്നു![38] അതു തികച്ചും അവനെ വ്യത്യ സ്തനാക്കി.

ദാവീദിനെകുറിച്ചു ഞാൻ ചിന്തിക്കുമ്പോൾ, മനസ്സിലേക്കു വരുന്ന പദപ്രയോഗം "മൃഗക്കുഞ്ഞുങ്ങളിൽ ചെറുതായവൻ" എന്നതാണ്. ഒരു പെൺപട്ടിക്കു പാൽ കൊടുക്കുവാൻ കഴിയുന്നതിലധികം കുഞ്ഞുങ്ങളുണ്ടായാൽ, അതിൽ ഏറ്റവും ചെറുതിനെ തള്ളിമാറ്റി മറ്റുള്ളവ എല്ലാം പാൽ കുടിക്കും. പിന്നെ അവശേഷിക്കുന്നതു മാത്രം കുടിച്ചു, അതു കഷ്ടിച്ചു, കഴിഞ്ഞുകൂടും. പലപ്പോഴും ഈ പട്ടിക്കുട്ടിയായിരിക്കും സാമർത്ഥ്യമുള്ളതും - വഴങ്ങാത്തതും - എന്നാൽ അതേ സമയം "ചെറിയ ജന്തു" എന്ന അപവാദവും അതിനുണ്ട്.

ദാവീദിനു ആഹാരവും വസ്ത്രവും ലഭിച്ചിരുന്നു എന്നതിനു സംശയമില്ല, എന്നാൽ തന്റെ കുടുംബത്തിലുള്ള സ്നേഹം, ബഹുമാനം, അനുമോദനം എന്നിവയെ സംബന്ധിച്ച് - ഓരോ കുട്ടിയുടെയും ആവശ്യങ്ങൾ പരിപാലിക്കുന്നതിൽ - അവൻ ഒരുവശത്തേക്കു തള്ളപ്പെട്ടു. ദാവീദ് പിന്നീട് എഴുതി, "എന്റെ അപ്പനും അമ്മയും എന്നെ ഉപേക്ഷിച്ചിരിക്കുന്നു, എങ്കിലും യഹോവ എന്നെ ചേർത്തുകൊള്ളും" (സങ്കീർ ത്തനങ്ങൾ 27:10). തന്റെ കുടുംബം[39] അവനെ ഉപേക്ഷിച്ചിരിക്കുന്നു എന്ന തോന്നൽ, ഒരു പരിധി വരെ, അവനില്ലായിരുന്നുവെങ്കിൽ ദാവീദ് അങ്ങനെ എഴുതുമോ? നാം നമ്മുടെ മക്കളെ സ്നേഹിക്കുകയും അനുമോദിക്കുകയും ചെയ്യുന്ന - മുഖപക്ഷം ഇല്ലാത്ത മാതാപിതാക്കളായി കുട്ടികൾ മനസിലാക്കുവാൻ ദൈവം നമ്മെ എല്ലാവരേയും സഹായിക്കുന്നു!

വിരുന്നിനു[40] യിശ്ശായി ദാവീദിനെ കൊണ്ടു വരാതിരുന്നതിന്റെ യഥാർത്ഥ കാരണം നമുക്ക് അറിയില്ല, എന്നാൽ ഒരു കാര്യം തീർച്ചയാണ്: യിശ്ശായി തന്റെ മൂത്ത മക്കളെ കരുതിയിരുന്നപോലെ ദാവീദിനെ കരുതിയിരുന്നില്ല. ദാവീദിനെ മേച്ചിൽപ്പുറത്തു വിട്ടിട്ടാണ് അവർ പോയത്.

ശമുവേൽ അസന്തുഷ്ടനായ ന്യായാധിപനായിരുന്നു! അവൻ യിശ്ശായിയോടു കല്പിച്ചു, "ആളയച്ചു അവനെ വരുത്തുക; അവൻ വന്നിട്ടല്ലാതെ നാം പന്തിക്കിരിക്കില്ല എന്നു പറഞ്ഞു" (16:11).

ദാവീദിനെ വിളിക്കുവാൻ ആൾ വന്നപ്പോൾ ദാവീദിന്റെ ഉള്ളിലുണ്ടായ അതിശയം ഒന്ന് ഊഹിക്കുക. "ദാവീദേ, ദാവീദേ," അയാൾ കിതച്ചുകൊണ്ടു പറഞ്ഞു, "നീ വിരുന്നിനു വരേണ്ടിയിരിക്കുന്നു!"

ദാവീദിനു അതു വിശ്വസിക്കുവാൻ പ്രയാസമായിരുന്നു. "എന്നാൽ ആടുകളെ എന്തു ചെയ്യും?"

"ആടുകളെ കുറിച്ചു വിചാരപ്പെടേണ്ട. അവയ്ക്കു കുഴപ്പമൊന്നും സംഭവിക്കയില്ല."[41]

"ശരി, ഞാൻ ഒന്നു കുളിച്ചു വസ്ത്രം മാറട്ടെ ഞാനും നിങ്ങളോടൊപ്പം വരാം."

"പോരാ, നീ *ഇപ്പോൾ* തന്നെ വരണം. നീ അവിടെ എത്തുന്നതു വരെ

ആരും പന്തിക്കിരിക്കയില്ല!''

ദാവീദ് വിരുന്നിനെത്തിയത്, പൊടിയും, വിയർപ്പും, ഇടയന്റെ വസ്ത്രവും ധരിച്ചു, ആടുകളുടെ ഗന്ധത്തോടും കൂടെയാണ് - എങ്കിലും അവനിൽ ചില പ്രത്യേകതയുണ്ടായിരുന്നു. "അപ്പോൾ അവൻ പവിഴനിറമുള്ളവനും, സുനേത്രനും കോമളരൂപിയും ആയിരുന്നു" (16:12). എങ്ങനെയായാലും, ദൈവം അവനെ തിരഞ്ഞെടുത്തത്, അവൻ കോമളരൂപി ആയതുകൊണ്ട ല്ല. അവന്റെ ഹൃദയമായിരുന്നു നോക്കിയത്; ദൈവം തന്റെ ഹൃദയത്തിനു ബോധിച്ചവനെ കണ്ടെത്തി. യഹോവ ശമുവേലിനോട്, "എഴുന്നേറ്റു, ഇവനെ അഭിഷേകം ചെയ്ക; ഇവൻ തന്നേ ആകുന്നു എന്നു കല്പിച്ചു" (16:12).

ശമുവേൽ ദാവീദിനോടു തന്റെ മുൻപിൽ കുനിയുവാൻ പറഞ്ഞു. അപ്പോൾ അവൻ തന്റെ കയ്യിലെ കൊമ്പു കൊണ്ടുള്ള പാനപാത്രം തലയ്ക്കു മുകളിലായി ഉയർത്തി കാറ്റിൽ പറന്നിരുന്ന ദാവീദിന്റെ തലമുടി യിലേക്കു സുഗന്ധ തൈലം ഒഴിക്കുകയും അതു അവന്റെ തലയിൽനിന്നു കവിളിലേക്കും പിന്നെ അവന്റെ വസ്ത്രങ്ങളിലേക്കും അങ്ങനെ തറയി ലേക്കും ഒഴുകി (16:13). പിന്നെ ശമുവേൽ കുനിഞ്ഞ്, "നീ ആയിരിക്കും അടുത്ത രാജാവു"[42] എന്നു അവന്റെ ചെവിയിൽ മന്ത്രിച്ചു എന്നാണ് ജോസെഫസ് പറഞ്ഞത്. അതങ്ങനെ സംഭവിച്ചാലും ഇല്ലെങ്കിലും, എന്തോ ചില പ്രത്യേകത സംഭവിച്ചതായി[43] ദാവീദു മനസിലാക്കി.

"യഹോവയുടെ ആത്മാവു അന്നുമുതൽ ദാവീദിന്മേൽ വന്നു" (16:13). പരിശുദ്ധാത്മാവിന്റെ ഉപദേശം പഴയനിയമത്തിൽ തുടങ്ങിയിട്ടില്ലാതിരുന്ന തുകൊണ്ട്, ഇതു സൂചിപ്പിക്കുന്നത് ദൈവികത്വത്തിലെ മൂന്നാമത്തെ വ്യക്തി യെ അല്ല, എന്നാൽ ദൈവാത്മാവായിരിക്കാനാണ് സാധ്യത. അന്നുമുതൽ, ദൈവം പ്രത്യേകമായി[44] ദാവീദിനൊപ്പം ഉണ്ടായിരുന്നു. കർത്താവ് അവനെ നയിച്ചതുകൊണ്ടായിരുന്നു ദാവീദിനു സങ്കീർത്തനങ്ങൾ എഴുതുവാൻ കഴി ഞ്ഞത് (2 ശമുവേൽ 23:1, 2).

വാക്യം 13 പറയുന്നത് "അവന്റെ സഹോദരന്മാരുടെ നടുവിൽ വെച്ചു ശമുവേൽ ... അവനെ അഭിഷേകം ചെയ്തു" എന്നാണ്. സംഭവിച്ചതിന്റെ പ്രാധാന്യം മുഴുവനായും അവന്റെ സഹോദരന്മാർക്ക് ഒരുപക്ഷെ മനസി ലായി കാണുകയില്ല (ഇതിനു മുൻപു ഇത്തരം അഭിഷേകം ഒരിക്കലേ നട ന്നിട്ടുള്ളൂ, അതു രഹസ്യ ആഘോഷമായിട്ടായിരുന്നു[45]). എങ്ങനെയായാലും, "ഏറ്റവും ഇളയവനെ" ആദരിക്കുവാനായി[46] തിരഞ്ഞെടുത്തതു, അവർക്ക് നോക്കിയിരിക്കാനേ കഴിഞ്ഞുള്ളൂ.

ശമുവേൽ തന്റെ ജോലി പൂർത്തിയാക്കി, വീട്ടിലേക്കു മടങ്ങിപോയി (16:13).

ദാവീദ് പിന്നെ എന്തു ചെയ്തു? അവൻ രാജകീയ വസ്ത്രം ധരിക്കു വാനോ കിരീടം ധരിക്കുവാനോ നോക്കിയോ? അവൻ തന്റെ പുതിയ വിസി റ്റിങ് കാർഡിൽ: "തന്റെ പഴയ പേരായ 'ഇടയൻ' എന്നതു മായിച്ചു 'രാജാവു' എന്നാക്കി അച്ചടിച്ചോ?" അവൻ തന്റെ രഥത്തെ പോളിഷ് ചെയ്തു, തെരു വീഥികളിലൂടെ സഞ്ചരിച്ചു അത്യുച്ചത്തിൽ, "ഞാൻ നിങ്ങളുടെ പുതിയ രാജാവാണ്"[47] എന്നു വിളംബരം ചെയ്തോ? ഇല്ല, ദാവീദ് തന്റെ ആടുക ളുടെ അടുക്കലേക്കു തന്നെ തിരിച്ചുപോയി. "ആടുകളോടുകൂടി ഇരിക്കുന്ന നിന്റെ മകനെ എന്റെ അടുക്കൽ അയക്ക" എന്നായിരുന്നു, ശൗലിന്റെ ദൂത ന്മാർ, യിശ്ശായിയോടു പറഞ്ഞത് (16:19). ദാവീദ് ശൗലിന്നു കിന്നരം വായി ക്കുവാൻ വന്നാലും, "ശൗലിന്റെ അടുക്കൽ നിന്നു തന്റെ അപ്പന്റെ ആടു

കളെ മേയിപ്പാൻ ബേത്ത്ലേഹെമിൽ പോയിവരിക പതിവായിരുന്നു" (1 ശമുവേൽ 17:15).[48]

ഉത്തമനായിട്ടാണ് ദാവീദിനെ അഭിഷേകം ചെയ്തത്; അവൻ തിരഞ്ഞെടുക്കപ്പെട്ട രാജാവായിരുന്നു, എന്നാൽ അവൻ ദൈവത്തിനു ബോധിച്ച പുരുഷനുമായിരുന്നു. ദൈവ സമയത്തിനും ദൈവ സ്ഥലത്തിനും അവനു കാത്തിരിക്കുവാൻ കഴിഞ്ഞു. അവൻ തന്റെ ആടുകളുടെ അടുക്കലേക്കു മടങ്ങി പോയി.

നാം ദൈവത്തിനായി, ക്ഷമയോടെ കാത്തിരിക്കുവാൻ ശീലിക്കണം. പഠിക്കുവാൻ എത്ര പ്രധാനപ്പെട്ട പാഠമാണ്; പഠിക്കുവാൻ എത്ര *പ്രയാസമുള്ള* പാഠം! ദൈവത്താൽ ഉപയോഗിക്കപ്പെടേണ്ടതിന്നു നമ്മെത്തന്നെ നമുക്ക് ഒരുക്കാം - പിന്നെ നമുക്കു കാത്തിരിക്കുവാനും ശീലിക്കാം.

### ആരാധിക്കുവാൻ ശീലിച്ച ഒരു ഗായകൻ

ഇടയനായി തിരഞ്ഞെടുക്കപ്പെട്ട രാജാവിനു എങ്ങനെയാണ് മേച്ചൽ പുറത്തുനിന്നു സിംഹാസനത്തിലേക്കുള്ള മാറ്റം ഉണ്ടായത്? സാധാരണയായി, ഒരു ഇടയൻ ഒരിക്കലും ഒരു രാജകൊട്ടാരത്തിനകം കാണുകയില്ല, എന്നാൽ ദൈവം പ്രവർത്തിക്കുന്നത് പ്രത്യേക രീതിയിലാണ്. ദൈവം അതു എങ്ങനെ നടപ്പാക്കി എന്നു അദ്ധ്യായം 16-ന്റെ അവസാന ഭാഗത്ത് പറയുന്നു.

ഒരു ഇടയബാലനായിരുന്ന, ദാവീദ് നാം ചുരുക്കിപ്പറഞ്ഞതായ താലന്തിനെ വളർത്തിയെടുത്തു: അവൻ ആടുകളെ മേയ്ക്കുമ്പോൾ തന്നെ പാട്ടു പാടുവാനും ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനും ശീലിക്കുകയുണ്ടായി.

ആടുകളെ നോക്കേണ്ടതു നീണ്ട മണിക്കൂറുകളായിരുന്നു, അതിലധികം സമയവും മടുപ്പിക്കുന്നതും, ക്ഷീണിപ്പിക്കുന്നതുമാണ്. ആടുകൾ മേച്ചിൽപ്പുറത്ത് സുരക്ഷയോടെ മേഞ്ഞുകൊണ്ടിരിക്കുകയാണെങ്കിൽ, ഇടയന് അധികം ഒന്നും ചെയ്യുവാനില്ലാതെ കുന്നിൻ ചെരുവിൽ വെറുതെ അവയെ നോക്കിക്കൊണ്ടിരിക്കാം. അങ്ങനെയുള്ള സമയങ്ങളിൽ വിനോദത്തിനായി ഏതെങ്കിലും ഉപകരണങ്ങൾ വായിക്കുന്നതു സാധാരണയാണ്. മിക്ക ഇടയന്മാരും തിരഞ്ഞെടുക്കുന്നത് ഒന്നുകിൽ കുഴൽ അല്ലെങ്കിൽ ഓടക്കുഴലാണ്. കമ്പികളുള്ള ഉപകരണമാണ് ദാവീദ് തിരഞ്ഞെടുത്തത്. എൻഎഎസ്ബിയിലും മറ്റു തർജ്ജിമകളിലും "കിന്നരം" എന്നാണുള്ളത് (16:23), എന്നാൽ കുറച്ചു കൂടി നല്ല തർജ്ജി മയാണ് "വീണ,"[49] അതു കുറച്ചു കമ്പികളുള്ള ഒരു ചെറിയ ഉപകരണമാണ് (അതിനെ വീണക്കും ഗിറ്റാറിനും ഇടക്കുള്ളതായി പറയാറുണ്ട്).

മലഞ്ചെരുവുകളിലെ പാറപ്പുറങ്ങളിൽ പകൽ തനിച്ചായിരിക്കുമ്പോൾ, അവൻ പദ്യം എഴുതി സംഗീതം കൊടുക്കും. പിന്നെ അവൻ വായിക്കുകയും പാടുകയും ചെയ്തിരുന്നു. സംഗീതത്തിനു വേണ്ട താലന്തും മനോഹരമായ ഒരു ശബ്ദവും ദൈവം ദാവീദിനു നല്കിയിരുന്നു, ആ താലന്ത് ദാവീദു വളർത്തിയെടുക്കുകയും ചെയ്തു. അദ്ധ്യായത്തിലെ ശേഷം ഭാഗത്തിലേക്കു കടക്കുമ്പോൾ നാം ഇതു മനസ്സിൽ പതിപ്പിക്കുക.

വാക്യം 14 തുടങ്ങുന്നതു, "എന്നാൽ യഹോവയുടെ ആത്മാവു ശൗലിനെ വിട്ടുമാറി." അദ്ധ്യായം 16-ന്റെ അവസാന പകുതിയിൽ ദാവീദിനെയും ശൗലിനെയും തുലനപ്പെടുത്തുന്നുണ്ട്. ദൈവം അംഗീകരിച്ച അടുത്ത രാജാവു അവനാണെന്നു കാണിക്കുന്നതിനാണ് ദാവീദിന്മേൽ

യഹോവയുടെ ആത്മാവു വന്നത് (16:13); അതേസമയം യഹോവയുടെ ആത്മാവു ശൗലിനെ വിട്ടുമാറിയത് രാജസ്ഥാനത്തുനിന്നും അവനെ തള്ളി യിരിക്കുന്നതു അന്തിമമെന്നു[50] കാണിക്കുന്നതിനായിരുന്നു.

പിന്നെ, എങ്ങനെയായാലും, നമുക്ക് ഈ അന്ധാളിപ്പിക്കുന്ന പ്രസ് താവനയുണ്ട്: "യഹോവ അയച്ച ഒരു ദുരാത്മാവു അവനെ [അതായതു, ശൗലിനെ] ബാധിച്ചു" (16:14). ഇവിടെ പറഞ്ഞ "ദുരാ" എന്നതു "പാപമുള്ള" അർത്ഥത്തിലല്ല, മറിച്ച് "ശിക്ഷിക്കുന്ന"തിനെ യാണ് സൂചിപ്പിച്ചിരിക്കുന്നത്. പഴയനിയമത്തിൽ പലപ്പോഴും "ദുരാ" എന്നതു ശിക്ഷയെ[51] ഉദ്ദേശിച്ചാണ് പറഞ്ഞിരിക്കുന്നത്. ദ എൻകെജെവിയിൽ "അസഹ്യപ്പെടുത്തുന്ന ആത്മാവു" എന്നാണുള്ളത്. "യഹോവയിൽ നിന്നു" എന്നതു ഒന്നുകിൽ ദൈവം നേരിട്ടു ശൗലിനെ ശിക്ഷി ക്കുവാനായി അയച്ച ആത്മാവു, അല്ലെങ്കിൽ ശൗലിനെ ശിക്ഷി ക്കുവാനായി സാത്താന്റെ ദൂതന്മാരെ ഉപയോഗിക്കുവാൻ ദൈവം (ഇയ്യോബിന്റെ സംഭവത്തിലേതുപോലെ) *അനുവദിക്കുന്നതും* അർത്ഥമാക്കുന്നു. ഏതുവിധത്തിലായാലും, ദൈവത്തിന്റെ ഉദ്ദേശം നല്ലതിനായിരുന്നു എന്നു നമുക്കു തീർച്ചയാണ്. ശൗലിനെ തിരിച്ചു യഹോവയിങ്കലേക്കു[52] വരുത്തുവാനായിരുന്നു ആ അച്ചടക്കം.

ദുരാത്മാവു ശൗലിൽ വന്നപ്പോൾ, ഫലം തീർച്ചയായും അവന്നു ചുറ്റുമുള്ളവർക്കു സ്പഷ്ടമായിരുന്നു (16:15). ശൗൽ എല്ലായ്പ്പോഴും സ്ഥിരതയില്ലാത്തവനായിരുന്നു, എന്നാൽ ദുരാത്മാവു അതു വർദ്ധിപ്പിച്ചു അവന്റെ മൂഡ് ഒട്ടും ഉറയ്ക്കാതായി; അവൻ കൂടുതൽ കൂടുതൽ ആഴത്തിൽ നിരാശയിൽ കാണപ്പെട്ടു. ശൗലിന്റെ നിർദ്ദേശകന്മാർ ഈ ശുപാർശ നടത്തി: "ആകയാൽ കിന്നരവായനയിൽ നിപുണനായ ഒരുത്തനെ അന്വേഷിപ്പാൻ; തിരുമനസുകൊണ്ടു അടിയങ്ങൾക്കു കല്പന തരേണം. എന്നാൽ ദൈവത്തിങ്കൽ നിന്നു ദുരാത്മാവു തിരുമേനിമേൽ വരുമ്പോൾ, അവൻ കൈകൊണ്ടു വായിക്കയും, തിരുമേനിക്കു ഭേദം വരികയും ചെയ്യും എന്നു പറഞ്ഞു" (16:16). "വെറിപിടിച്ച നെഞ്ചിനെ[53] കുളിർപ്പിക്കുവാൻ സംഗീതത്തിനു കഴിയും" എന്നു പറഞ്ഞു കേട്ടിട്ടുണ്ട്. അതു ശൗലിന്റെ കാലത്തു വാസ്തവമായിരുന്നു, അതു വ്യവസായി തന്റെ സംഘർഷം കുറക്കുവാൻ ക്ലാസിക്കൽ സംഗീതം കേൾക്കുന്നതിനെയോ അമ്മ കുഞ്ഞിനെ താരാട്ടു പാടിക്കൊടുക്കുന്നതിനെയോ കുറിച്ചു നാം ചിന്തിച്ചാൽ, അതു നമ്മുടെ കാലത്തും വാസ്തവമാണെന്നു കാണാം.

നിരാശയിലായ മനുഷ്യനായിരുന്നു ശൗൽ; എന്തും ശ്രമിക്കുവാനുള്ള മാനസികാവസ്ഥയിലായിരുന്നു അവൻ. "കിന്നരവായനയിൽ നിപുണനായ ഒരുത്തനെ, അന്വേഷിച്ചുകൊണ്ടുവരുവിൻ എന്നു കല്പിച്ചു" (16:17).

ശൗലിന്റെ ആവശ്യം കേട്ടു അടുത്തു നിന്ന യുവാവ്, ദാവീദിന്റെ കിന്നരം വായിക്കുവാനുള്ള നിപുണത അറിയാമായിരുന്ന അവനോടടുത്തു പ്രായമുള്ളവൻ ആയിരുന്നു. അതൊരു അതിശയകരമായ യാദൃശ്ചികമല്ലേ? തീർച്ചയായും, അതു യാദൃശ്ചികമായിരുന്നില്ല, എന്നാൽ, അതു ദൈവത്തിന്റെ കരുണാധിക്യപ്രകാരം, എങ്ങനെ രാജാവാകാം എന്നു പഠിക്കുവാൻ കഴിയേണ്ടതിന്, എളിമയുള്ള ആട്ടിടയൻ ബാലനെ കൊട്ടാരത്തിലേക്കു കൊണ്ടുവരുന്ന അവന്റെ പ്രവൃത്തിയായിരുന്നു. ആ യുവാവു പറഞ്ഞു: "ബേത്ത്ലേഹേമ്യനായ യിശ്ശായിയുടെ ഒരു മകനെ, ഞാൻ കണ്ടിട്ടുണ്ട്, അവൻ കിന്നരവായനയിൽ നിപുണനും, പരാക്രമശാലിയും, വാക്ചാതുര്യമുള്ളവനും,

കോമളനും ആകുന്നു; യഹോവയും അവനോടുകൂടെ ഉണ്ട് എന്നു പറഞ്ഞു" (16:18). അതു വളരെ താല്പര്യം ജനിപ്പിക്കുന്ന യോഗ്യതയായിരുന്നു.[54] ആ ലിസ്റ്റിന്റെ ആദ്യത്തേതാണ് പ്രധാനപ്പെട്ടത് എന്നു ശൗൽ കരുതിയിരിക്കാം: അവൻ "കിന്നരവായനയിൽ നിപുണൻ" ആയിരുന്നു. എന്നാൽ, എങ്ങനെ യായാലും, അതിലെ ഏറ്റവും പ്രധാനപ്പെട്ടതു അവസാനത്തെ പദപ്രയോഗ മായ: "യഹോവയും അവനോടുകൂടെയുണ്ട്" എന്നതായിരുന്നു. യഹോവ യുടെ ആത്മാവു ശൗലിൽ നിന്നു വിട്ടുമാറിയിരുന്നു; അവന്നു ദൈവം ആവ ശ്യമായിരുന്നു.

ശൗൽ ഉടനെ ദാവീദിനെ വരുത്തുവാൻ ആളയച്ചു (16:19). അധികം വൈകാതെ ആ ബാലൻ, കഴുതപ്പുറത്തു കോലാട്ടിൻ കുട്ടിയും ഒരു തുരുത്തു വീഞ്ഞുമായി ശൗലിന്റെ വീട്ടിലെത്തി (16:20). അവിടെ എത്തിയ ഉടനെ ദാവീദ് ശൗലിനെ ശുശ്രൂഷിക്കുവാൻ തുടങ്ങി (16:21).[55] വാക്യം 23 നമ്മോടു പറയു ന്നു: "ദൈവത്തിന്റെ പക്കൽ നിന്നു ദുരാത്മാവു ശൗലിൻമേൽ വരുമ്പോൾ, ദാവീദ് കിന്നരം എടുത്തു വായിക്കും; ശൗലിന്നു ആശ്വാസവും സുഖവും ഉണ്ടാകും, ദുരാത്മാവു അവനെ വിട്ടു മാറും."

ദാവീദിന്റെ വീണയുടെ കമ്പികൾ ശൗലിന്റെ മനസിനെ ആശ്വസിപ്പിച്ചു എന്നതിൽ സംശയമില്ല - എന്നാൽ ദാവീദിന്റെ വായനയും ദുരാത്മാവു ശൗലിനെ വിട്ടുപോയതും തമ്മിൽ എന്തു ബന്ധമാണുണ്ടായിരുന്നത്? അല്പം ഒന്നു ചിന്തിക്കുക. ഏതു തരം ഗീതങ്ങളാണ് ദാവീദ് എഴുതിയത്? അവൻ എഴുതിയത്, "രാത്രിയിലെ നക്ഷത്രങ്ങൾ ... വലുതും പ്രകാശിതവും ... അതു യെഹൂദയുടെ ഉള്ളിൽ എത്ര അഗാധമായിരുന്നു" എന്നാണോ? അതോ: "ഹാച്ചില്ലാ കുന്നുകളിൽ[56] വെച്ച് എന്റെ സന്തോഷം നഷ്ടമായി" എന്നോ? ദാവീദ് എപ്പോഴെങ്കിലും മതപരമല്ലാത്ത ഗീതങ്ങൾ എഴുതിയിട്ടുണ്ടെങ്കിൽ, അതിനു നമുക്കു രേഖകളില്ല.[57] മറിച്ച് അവൻ ദൈവത്തെയും അവനുമാ യുള്ള ബന്ധത്തെയും കുറിച്ചാണ് എഴുതിയത്:

> നിന്റെ വിരലുകളുടെ പണിയായ,
>     ആകാശത്തെയും,
> നീ ഉണ്ടാക്കിയ ചന്ദ്രനെയും നക്ഷത്രങ്ങളെയും,
>     നോക്കുമ്പോൾ;
> മർത്യനെ നീ ഓർക്കേണ്ടതിന്നു,
>     അവൻ എന്ത്?...
>
> ആകാശം ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു;
> ആകാശവിതാനം അവന്റെ
>     കൈവേലയെ പ്രസിദ്ധമാക്കുന്നു....
>
> കൂരിരുൾ താഴ്വരയിൽകൂടി
>     നടന്നാലും,
> ഞാൻ ഒരനർത്ഥവും ഭയപ്പെടുകയില്ല; നീ എന്നോടുകൂടെ ഇരിക്കു
>     ന്നുവല്ലോ; ...
> (സങ്കീർത്തനങ്ങൾ 8:3, 4; 19:1; 23:4).

ഇടയജീവിതത്തിന്റെ ഏകാന്തതയിൽ ദാവീദ് പല കാര്യങ്ങൾ പഠിച്ചു; ഒരുപക്ഷെ അവൻ പഠിച്ചതിൽ പ്രധാനപ്പെട്ട കാര്യം ദൈവത്തെ ആരാധിക്കുക എന്നതായിരുന്നു. ആടുകളെ മേയ്ക്കുന്ന അവസരത്തിൽ തനിയെ ആകുമ്പോൾ, അവൻ ദൈവവചനത്തെക്കുറിച്ചും ദൈവികലോകത്തെക്കുറിച്ചും ചിന്തിക്കുകയും അങ്ങനെ അവൻ ദൈവത്തെ ആരാധിക്കുന്നവനായി തീരുകയും ചെയ്തു. യഹോവയുടെ അടുക്കൽ വരുന്നതു ശ്വാസം കഴിക്കുന്നതുപോലെ സ്വാഭാവികമായി.

നമ്മുടെ ദൈവത്തെ എങ്ങനെ ആരാധിക്കണം – വാസ്തവത്തിലുള്ള ആരാധന – എന്താണ് എന്നു പഠിക്കേണ്ടതാണ് (അഥവാ പുനപരിശോധന ചെയ്യുക) ഇന്നത്തെ നമ്മുടെ ഏറ്റവും വലിയ ആവശ്യം. ചില ആരാധനാരീതികൾ പഴയനിയമത്തിലേതുപോലെ അല്ല പുതിയനിയമത്തിൽ കാണുന്നത് (ഉദാഹരണത്തിനു, പഴയനിയമത്തിൽ ദാവീദ് കിന്നരം ഉപയോഗിച്ചതുപോലെ, പുതിയനിയമത്തിൽ ആരാധനക്കു ഉപകരണങ്ങൾ ഉപയോഗിക്കുന്നില്ല), എന്നാൽ ആരാധനയുടെ *ഉദ്ദേശം* ഒന്നുതന്നെ. സകലവും നിർമ്മിച്ചവനെ നാം വിശുദ്ധമായി ആദരിക്കുകയും, സർവ്വശക്തന്റെ മുമ്പിൽ നാം വീണു വണങ്ങുകയും, അവന്റെ കല്പനപ്രകാരം അവനെ ആത്മാർത്ഥമായി സ്നേഹിച്ച് അനുമോദപ്രകടനം നടത്തുകയും വേണം. “യിസ്രായേലിന്റെ മധുരഗായകൻ” പാടിയതുപോലെ ഹൃദയംഗമമായ ഒരു ധ്യാനം നടത്തുന്നതിനു പകരം, പലരും ക്ഷീണിച്ച ആത്മാക്കളെ ഇളക്കുന്ന ചില അടവുകൾ പ്രയോഗിച്ച് ആത്മീയമായി ചില ആവേശകരമായ ബാഹ്യപ്രകടനങ്ങൾ നടത്തും (2 ശമുവേൽ 23:1).

ശൗലിൽനിന്നു ദുരാത്മാവ് നീങ്ങിപ്പോകുവാൻ ദാവീദിന്റെ ഗാനവും സംഗീതവായനയും കാരണമായതെന്തുകൊണ്ട്? കാരണം ശൗലിനെ ബാധിച്ച വ്യാധി മാനസികമായതിനേക്കാൾ ആത്മികമായിരുന്നു. ദാവീദ് ദൈവത്തോടു പാടുമ്പോൾ, ശൗലിന്റെ ഉള്ളിൽ പെട്ടെന്നു യഹോവയെക്കുറിച്ചുള്ള ചിന്തകൾ നിറയും, പിന്നെ ദണ്ഡനത്തിനു സ്ഥാനമില്ല.

അടുത്ത അദ്ധ്യായം പറയുന്നു, “ദാവീദ് ശൗലിന്റെ അടുക്കൽ നിന്നു തന്റെ അപ്പന്റെ ആടുകളെ മേയ്പ്പാൻ ബേത്ത്ലഹേമിൽ പോയി വരിക പതിവായിരുന്നു” (1 ശമുവേൽ 17:15). ഒന്നു ശമുവേൽ 16:21 പറയുന്നു, “ശൗലിന്നു അവനോടു വളരെ സ്നേഹമായി.” ദൈവകരുണയാൽ, എളിമയുള്ള ആട്ടിടയനായിരുന്ന ഒരു ബാലൻ രാജാവിനോടു അടുത്തു വന്നു, ഒരു രാജ്യത്തെ നയിക്കുന്നതെങ്ങനെ എന്നു പഠിക്കുകയും, അധികാരസ്ഥാനങ്ങളിലിരിക്കുന്നവരുടെ ബഹുമാനവും ആർജിച്ചു – എന്നത് ദാവീദിനുവേണ്ടിയുള്ള ദൈവപദ്ധതിയിലെ പ്രധാനപ്പെട്ട വസ്തുതകളായിരുന്നു. ദൈവവഴികൾ ആത്ഭുതകരമല്ലേ?

**ഉപസംഹാരം**

ഈ പാഠത്തിന്റെ ആരംഭത്തിൽ, ഫ്ളോറൻസിലെ ദാവീദിന്റെ പ്രതിമ കണ്ട കാര്യം ഞാൻ പറഞ്ഞുവല്ലൊ. പള്ളിയുടെ വർക്ക്ഷോപ്പിൽ ഉപയോഗമില്ലാത്തതായി ഒരു മാർബിൾ കല്ല്, മൈക്കൽ ആഞ്ചലോ കണ്ട കഥ പറഞ്ഞു കേട്ടിട്ടുണ്ട്. വിലക്ഷണനായ ശില്പി അതിന്റെ ഒരു വശം പൊട്ടിച്ചിരിക്കുന്നു. ആ കല്ല് നാശമായി എന്നു കരുതി, അതിനെ അയാൾ കളഞ്ഞു. “കേടുപറ്റിയ” വശം മൈക്കൽ ആഞ്ചലോ തന്റെ രൂപത്തിന്റെ പിന്നിലാക്കി നൈപുണ്യത്തോടെ ഒരു മനോഹരരൂപമാക്കി. തള്ളിക്കളഞ്ഞ ഒരു കല്ലിൽ

നിന്ന്, മൈക്കൽ ആഞ്ചലോ തന്റെ ഏറ്റവും ശ്രേഷ്ഠമായ, *ദാവീദിന്റെ* പ്രതിമ ഉണ്ടാക്കി.

നിങ്ങളുടെ ജീവിതം ഒരുപക്ഷെ ഊനം വരുത്തി ഉപയോഗമില്ലാത്ത തെന്നു വിചാരിച്ചേക്കാം, എന്നാൽ "ദൈവത്തിനു ബോധിച്ച" സ്ത്രീയോ പുരുഷനോ ആയിതീരുവാൻ താമസിച്ചുപോയിട്ടില്ല. ദാവീദ് ചെയ്തതു പോലെ നിങ്ങളുടെ ഹൃദയം കർത്താവിന്നായി സമർപ്പിച്ചുകൊടുത്താൽ, അവൻ നിങ്ങളെ എടുത്തു, വാൽസല്യവും നിപുണതയും ഉള്ള കയ്യാൽ, തന്റെ മഹിമയുടെ ഉപകരണമായി രൂപപ്പെടുത്തും.

നമുക്ക് ഓരോരുത്തർക്കും ഒന്നുകിൽ ദാവീദിനെ പോലെ – അല്ലെങ്കിൽ ശൗലിനെ പോലെ ആകുവാൻ കഴിയും. ദൈവത്തിന്റെ ആത്മാവു ഒന്നു കിൽ നമ്മിൽ[58] വസിക്കും – അല്ലെങ്കിൽ അതു നമ്മെ വിട്ടു പോകും. അതു നമ്മുടെ തീരുമാനം അനുസരിച്ചായിരിക്കും.

---

കുറിപ്പുകൾ

[1]ആദ്യം ഭരിക്കുവാൻ തുടങ്ങിയപ്പോൾ ദാവീദിനു മുപ്പതു വയസ്സാണുണ്ടായിരുന്നത് (2 ശമുവേൽ 5:4). ശൗൽ നാല്പതു സംവൽസരം വാണു (പ്രവൃത്തികൾ 13:21). അതി നർത്ഥം ശൗലിന്റെ വാഴ്ച്ചയുടെ പത്താമാണ്ടിലാണ് ദാവീദ് ജനിച്ചത് എന്നാണ്. അതു കൊണ്ടു, 1 ശമുവേൽ 13:14 എഴുതിയത്, പ്രവചന ഭൂതകാലത്തിലാകണം, അതു ഭാവി ഭൂതകാലത്തെ കുറിച്ചാണ് പറഞ്ഞിരിക്കുന്നത് കാരണം ദൈവം എന്തെങ്കിലും പറയുമ്പോൾ, അതു തീർച്ചയുള്ളതുകൊണ്ടു, സംഭവിച്ചു കഴിഞ്ഞതു പോലെ പറയാൻ സാധിക്കുന്നു. [2]1 ശമുവേൽ 28:17. [3]ഉൽപ്പത്തി 49:8–12. [4]രൂത്ത് 4:18–22. [5]പെരെസിന്റെ അമ്മയായിരുന്നു താമാർ (ഉല്പത്തി 38). [6]രൂത്ത് 1:2, 19, 22; 2:4; 4:11. [7]1 ശമുവേൽ 17:12. ദാവീദിന്റെ ഹൃദയത്തിൽ ബേത്ത്ലഹേമിനു പ്രത്യേക സ്ഥാനം ഉണ്ടായിരുന്നു; അവൻ പിന്നീട് അവിടെ ഉണ്ടായിരുന്ന ഒരു കിണറ്റിലെ വെള്ളം കുടിക്കുവാൻ ആഗ്രഹിച്ചിരു ന്നു (2 ശമുവേൽ 23:15; 1 ദിനവൃത്താന്തം 11:17). [8]ദാവീദ് എട്ടു മക്കളിൽ ഇളയവനായി രുന്നു എന്നു ഒന്നു ശമുവേൽ 17:12–14 പറയുന്നു. 1 ദിനവൃത്താന്തം 2:13–15 ലെ രേഖയിൽ ഏഴു മക്കളുള്ളതായിട്ടു മാത്രമേ പറയുന്നുള്ളൂ. ഒരുപക്ഷെ ഒരു മകൻ നേരത്തെ മരിച്ചി രിക്കാം അല്ലെങ്കിൽ മക്കളില്ലാതെ മരിച്ചിരിക്കാം. ഒന്നു ദിനവൃത്താന്തം 2:16, 17 രണ്ടു സഹോദരിമാരെപ്പറ്റി പറയുന്നുണ്ട്. [9]*ദാവീദ്* എന്ന എബ്രായ വാക്കിൽ നിന്നാണ് "ഡേവിഡ്" എന്ന വാക്ക് വന്നിരിക്കുന്നത് (ഗ്രീക്ക്., *ദാബിദ്*). "യഹോവയുടെ പ്രിയപ്പെട്ട വൻ" അല്ലെങ്കിൽ "അവന്റെ പ്രിയപ്പെട്ടവൻ" എന്നർത്ഥം വരുന്ന ഒരു എബ്രായ വാ ക്കിന്റെ ചുരുക്കപ്പേരാണ് ദാവീദ് എന്നു ചിലർ കരുതുന്നുണ്ട്. ബൈബിളിൽ മറ്റാർക്കും ഈ പേരില്ല. [10]1 ശമുവേൽ 16:11.

[11]1 ശമുവേൽ 17:28. [12]ദാവീദിനു ആടുകളെ നോക്കേണ്ടിയിരുന്നു എന്നതിനു പുറമെ (പണമുള്ള – വന്റെ – വീട്ടിൽ ഒരു ദാസനെപോലെ ജോലി ചെയ്യുക), താരതമ്യേന ആ കുടുംബം ദാരിദ്ര്യാവസ്ഥയിൽ ആയിരുന്നു എന്നതിന് മറ്റു സൂചനകൾ കാണാം: സ്പഷ്ട മായും, ദാവീദ് നോക്കിയ ആട്ടിൻകൂട്ടം വളരെ ചെറുതായിരുന്നു (1 ശമുവേൽ 17:28) – ശൗലിനു അയച്ചു കൊടുത്തയച്ച സമ്മാനവും (അതായിരുന്നു എങ്കിൽ) രാജാവിനു അയച്ചു കൊടുക്കുവാൻ വളരെ ഒതുങ്ങിയതായിരുന്നു (1 ശമുവേൽ 16:20). കൂടാതെ നോക്കുക 1 ശമുവേൽ 18:23. [13]ഒരു കുട്ടിയായിരുന്നപ്പോൾ, പ്രായപൂർത്തിയായവരൊത്ത് ഞാൻ ജോലി ചെയ്തിരുന്നപ്പോൾ, ഭാരമുള്ളതും അഴുക്കുപുരളുന്നതുമായ ജോലിക ളിൽ – കോതമ്പിന്റെ വിളവെടുപ്പുസമയത്തു, വൈക്കോൽ ഉണക്കുന്നതോ, അല്ലെങ്കിൽ

മറ്റെന്തു ജോലി ആയാലും എന്നെ പലപ്പോഴും, ''കുലമഹിമയിൽ വളരെ താഴ്ന്നവ നായി'' കണക്കാക്കിയിരുന്നു. ഒരുപക്ഷെ നിങ്ങൾക്കും ഇതേപോലെ ഉണ്ടായിട്ടുള്ള അനുഭവങ്ങൾ ചിത്രീകരിക്കാം. [14]നോക്കുക മത്തായി 13:3–9, 18–23. [15]ദാവീദിന്റെ ബാഹ്യ ജീവിതത്തിൽ ഒരു ഇടയനായി വേല ചെയ്തതിനാൽ അവൻ വിശ്വാസത്തിലും ശക്തി യിലും വളർന്നു എന്നതിനു യാതൊരു സംശയവുമില്ല. [16]സദൃശവാക്യങ്ങൾ 22:6; എഫെസ്യർ 6:4; മുതലായവ. [17]കൂടാതെ നോക്കുക സങ്കീർത്തനങ്ങൾ 78:70–72. [18]ചില പ്പോൾ ഇടയന്മാർ ഒരുമിച്ച് ജോലി നോക്കും (ഓ.വാ. 1 ശമുവേൽ 25:16; ലൂക്കൊസ് 2:8; മുതലായവ.), എന്നാൽ പലപ്പോഴും അവൻ ഒറ്റക്കായിരിക്കും നോക്കുന്നത്, പ്രത്യേ കിച്ചു ആടുകൾ കുറവായിരിക്കുമ്പോൾ. [19]ഈ വാക്കു തന്നെയാണ് പൈലറ്റുമാർ പറക്കുന്നതിനും ഉപയോഗിക്കുന്നതെന്നു ഞാൻ കേട്ടിട്ടുണ്ട്. [20]ഒ.വാ. 2 തെസലൊനി ക്യർ 3:10.

[21]1 ശമുവേൽ 15:34; 7:17. [22]ലിൻ ആന്റേഴ്സൺ, ''ദ ഹാർട്ട് ഓഫ് ദ മാറ്റർ'' (എൻ. പി., എൻ.ഡി.), സൗണ്ട് കാസറ്റ്. [23]ശൗൽ പുരോഹിതന്മാരെ നോബിൽ വെച്ചു കൂട്ട ക്കൊല ചെയ്യിച്ചതുകൊണ്ട് അവന്റെ ഭയം ന്യായീകരിക്കാവുന്നതത്രെ, അവർ ദാവീ ദിനെ പിന്താങ്ങിയതായിരുന്നു കാരണം (1 ശമുവേൽ 22:6–19). [24]1 ശമുവേൽ 7:15. [25]1 ശമുവേൽ 7:16. [26]''കോൺസെക്രേറ്റ്'' എന്നതിന്റെ അർത്ഥം ''വേർ തിരിക്കുക.'' ആചാ രപരമായി അവർ തങ്ങളെത്തന്നെ ശുദ്ധീകരിക്കേണ്ടിയിരുന്നു, യാഗത്തിനു വേണ്ടി അവരുടെ ഹൃദയങ്ങളും ജീവിതങ്ങളും സമർപ്പിക്കേണ്ടിയിരുന്നു. [27]1 രാജാക്കന്മാർ 19:21; മുതലായവ. [28]യിശ്ശായിയുടെ കുടുംബത്തെ അവർ യാഗം കഴിക്കുവാൻ വരുന്നതുവരെ കണ്ടിട്ടില്ലാത്തതുകൊണ്ട്, യിശ്ശായിയേയും അവന്റെ മക്കളെയും, ശമു വേലിന്റെ ''അഭിഷേകത്തിനു,'' ക്ഷണിച്ചതു മറ്റാരെങ്കിലും ആയിരിക്കാം (1 ശമുവേൽ 16:5). [29]1 ശമുവേൽ 17:13 ശ്രദ്ധിക്കുക, അടുത്ത മൂത്ത രണ്ടു ആൺമക്കൾ അബീനാ ദാബും ശമ്മയും ആണെന്നുകൂടെ അതിൽ പറയുന്നുണ്ട്. [30]ശ്രദ്ധിക്കുക 1 ശമുവേൽ 16:7: ''അവന്റ വളർച്ചാഘട്ടത്തിലെ ഉയരവും,'' ''ബാഹ്യരൂപവും [അക്ഷരികമായി, ''കണ്ണു കൾ/മുഖം''].''

[31]ശ്രദ്ധിക്കുക 1 രാജാക്കന്മാർ 8:39; 1 ദിനവൃത്താന്തം 28:9; ലൂക്കൊസ് 16:15. [32]റിക് ആച്ച്ലേ, ''ഹിയർ കംസ് ദ ജഡ്ജ്'' (എൻ.പി.,എൻ.ഡി.), സൗണ്ട് കാസറ്റ്. [33]ചിലർ മത്തായി 7:1 എടുത്ത് ക്രിസ്ത്യാനികളെ ഒരിക്കലും വിധിക്കരുത് എന്നു തീർപ്പിച്ചു പറയാറുണ്ട്. മത്തായി 7:1–5 മനുഷ്യരുടെ എല്ലാ അഭിപ്രായങ്ങളെയും വിലക്കുന്ന *തല്ല* (അടുത്ത വാക്യം ശ്രദ്ധിക്കുക, വാക്യം 6, അതിൽ ഒരു വിധികൂടെ ഉൾപ്പെടുന്ന താണ്). മത്തായി 7:1 മുതലുള്ള വാക്യങ്ങൾ, എങ്ങനെയായാലും, ശമുവേൽ ചെയ്ത പോലെ പുറമെ കാണുന്ന വിധത്തിൽ വിധിക്കരുതെന്നാണ് പറയുന്നത്. കൂടാതെ ധൃതിപിടിച്ചുള്ള വൈകാരിക വിധിയും അരുത്. [34]1 ദിനവൃത്താന്തം 2:14, 15. [35]ശ്രദ്ധി ക്കുക 1 ശമുവേൽ 17:20. [36]ദാവീദ് നല്ലവനായിരുന്നതുകൊണ്ടാണ് അവനെ തിരഞ്ഞെ ടുത്തത് എന്നു ചിലർ കരുതുന്നുണ്ട്. യിശ്ശായിക്കു മുമ്പു ഏഴു മക്കൾ ജനിച്ചു കഴി ഞ്ഞിരുന്നു (ഏഴ് പൂർണ്ണതയെ കാണിക്കുന്ന സംഖ്യയായിട്ടായിരുന്നു യെഹൂദന്മാർ കണക്കാക്കിയിരുന്നത്) രണ്ടു പെൺകുട്ടികളുള്ളതായും സൂചനയുണ്ടായിരുന്നു. ഒരു പക്ഷെ ദാവീദ് ''അപ്രതീക്ഷിത അനുഗ്രഹമായി'' തീർന്നിരിക്കാം. [37]ദാവീദിന്റെ പൂർവ്വി കന്മാരിൽ ഉൾപ്പെടുന്നവരായിരുന്നു മോവാബ്യയായ രൂത്തു, തുടങ്ങിയവർ. [38]മേശയ്ക്കു ചുറ്റുമിരുന്നു മൂത്ത ഏഴുപേരും തങ്ങളുടെ വീര സാഹസപ്രവൃത്തികളെ കുറിച്ചു പറയുമ്പോൾ - ''ഞാൻ ഇന്നൊരു പദ്യം രചിച്ചു'' എന്നു പറയുന്ന, ദാവീദിന്റെ ചിത്രം നിങ്ങളുടെ ഉള്ളിലേക്കു കൊണ്ടുവരാം. [39]സങ്കീർത്തനങ്ങൾ 16:10–നെ ഇങ്ങനെ തർജ്ജിമ ചെയ്യാം, ''എന്റെ അപ്പനും എന്റെ അമ്മയും എന്നെ വിട്ടു കളഞ്ഞ*ാൽ* ... ,'' എങ്കിലും എന്റെ ചോദ്യം അങ്ങനെ തന്നെ അവശേഷിക്കുന്നു. അപ്പന്റേയും അമ്മയു ടേയും സ്നേഹം മതിയാവോളം ലഭിച്ച ഒരു കുടുംബത്തിൽ ഞാൻ ജനിച്ചതുകൊണ്ട്, അവർ എന്നെ ഉപേക്ഷിക്കുന്നതിനെപ്പറ്റി ഊഹിക്കുവാൻ പോലും എനിക്കു സാദ്ധ്യമ

ല്ല. [40]ദാവീദിന്റെ ജനനത്തെ സംബന്ധിച്ചു ചില അഭ്യൂഹങ്ങൾ പരന്നിരിക്കുവാനും സാധ്യത കാണുന്നു. ഈ പുസ്തകത്തിന്റെ അവസാനം കൊടുത്തിട്ടുള്ള ''ദാവീദും അവന്റെ കുടുംബവും'' എന്ന ലേഖനം നോക്കുക.

[41]ആടുകളെ ചിലപ്പോൾ തനിച്ചു വിടും (ഒ.വാ. ലൂക്കൊസ് 2:16; 15:4). [42]ഒന്നാം നൂറ്റാണ്ടിലെ ചരിത്രകാരനായ ജോസഫസ് എഴുതി, ''... അവൻ [ശമുവേൽ] ദാവീദിന്റെ മുമ്പിൽ വെച്ചു തൈലം എടുത്തു, അവനെ അഭിഷേകം ചെയ്യുകയും, ദൈവം അവനെ രാജാവായി തിരഞ്ഞെടുത്തിരിക്കുന്നു എന്നു, അവന്റെ ചെവിയിൽ മന്ത്രിക്കുകയുംചെയ്തു; അവനെ നീതിമാനായി ഉയർത്തുകയും ചെയ്തു, ...'' ജോസഫസ്, *ആന്റിക്വിറ്റീസ്* 6.8.1 (61-65). [43]ഒരുപക്ഷെ ദൈവാത്മാവു അവനിൽ വന്നപ്പോൾ, ദാവീദിനു ദൈവപദ്ധതി വെളിപ്പെട്ടു കിട്ടി കാണും. [44]പല ന്യായാധിപന്മാരെക്കുറിച്ചും ഇതേ പ്രസ്താവന നടത്തിയിട്ടുള്ളതിൽ ശിംശോനും (ന്യായാധിപന്മാർ 14:6, 19; 15:14), ശൗലും (1 ശമുവേൽ 10:6, 10; 11:6), മറ്റുള്ളവരും ഉൾപ്പെടുന്നു. ''അന്നു മുതൽ'' എന്ന പ്രയോഗം സൂചിപ്പിക്കുന്നതു മറ്റുള്ളവരിൽ നിന്നു വ്യത്യസ്തമായി കൂടുതൽ സ്ഥിരമായിട്ടാണ് ദാവീദിൽ യഹോവയുടെ ആത്മാവുണ്ടായിരുന്നതു എന്നാണ്. [45]ഒ.വാ. 1 ശമുവേൽ 10:1. [46]അവരുടെ ഉള്ളിൽ നീരസം ഉണ്ടായി എന്നതിനു സംശയമില്ല (1 ശമുവേൽ 17:28). [47]ഈ ചിത്രീകരണങ്ങൾ പല ഉറവിടങ്ങളിൽ നിന്നെടുത്തതാണ്. [48]കൂടാതെ നോക്കുക 1 ശമുവേൽ 17:20, 28. [49]നോക്കുക ആർഎസ്‌വി. [50]ശമുവേൽ ശൗലിനെ രാജാവായി അഭിഷേകം ചെയ്തു കഴിഞ്ഞപ്പോൾ (1 ശമുവേൽ 10:1), യഹോവയുടെ ആത്മാവു അവനിൽ വന്നിരുന്നു (1 ശമുവേൽ 10:10 മുതൽ.)

[51]അതേ എബ്രായ വാക്ക് യോവേൽ 2:13-ൽ ഉപയോഗിച്ചിട്ടുണ്ട്, അതു ദുഷ്ടരെ ദൈവം ശിക്ഷിക്കുന്നതു സൂചിപ്പിച്ചിരിക്കുന്നു. അതു യോനാ 3:10-ലും ഉപയോഗിച്ചിട്ടുണ്ട് എൻഎഎസ്‌ബിയിൽ അത് ''അത്യാപത്ത്'' എന്നാണ് തർജ്ജിമ ചെയ്തിരിക്കുന്നത്. [52]നോക്കുക എബ്രായർ 12:5-11. ശൗലിനെ രാജസ്ഥാനത്തു നിന്നു തള്ളിയിരിക്കാം, എന്നാലും രക്ഷിക്കപ്പെടേണ്ടതിന് ഒരു ആത്മാവു അവനിലുണ്ടായിരുന്നു. [53]വില്ല്യം കോൺഗ്രേവ്, *ബാർട്ട്ലെറ്റ്സ് ഫെമിലിയർ ക്വട്ടേഷൻസിൽ* ഉദ്ധരിച്ചിരിക്കുന്നതു പോലെ, 14-ാം എഡീഷൻ. (ബോസ്റ്റൺ: ലിറ്റിൽ, ബ്രൗൺ, ആന്റ് കമ്പനി., 1968), 391. [54]ഇതു അദ്ധ്യായം 16-ന്റെ അവസാനത്തെ കാലഗണനത്തെ സംബന്ധിച്ച ചില പ്രശ്നങ്ങളാണ്. നാം ഒരുപക്ഷെ 16-ാം അദ്ധ്യായത്തിന്റെ അവസാനത്തെ കുറിച്ചു ചിന്തിക്കുന്നത് ശൗലും ദാവീദും തമ്മിലുള്ള പ്രാരംഭ ബന്ധത്തെക്കുറിച്ചുള്ള മുഖവുരയായിട്ടായിരിക്കും - അടുത്ത കുറെ അദ്ധ്യായങ്ങളിൽ അതിന്റെ വിശദാംശങ്ങളുമുണ്ട്. അത് അങ്ങനെയാണെങ്കിൽ, അതു അദ്ധ്യായം 17-ൽ ദാവീദ് ഗോല്യാത്തിനെ കൊന്ന *ശേഷം* നടന്നതായിരിക്കാം - ''ഒരു ശക്തനായ പോരാളി'' എന്നും ''ഒരു യോദ്ധാവു'' എന്നുമുള്ള പ്രയോഗങ്ങൾ ഒരു യോദ്ധാവു എന്ന നിലയിൽ അവന്റെ ഉയർന്ന ബഹുമതിയെ സൂചിപ്പിക്കുന്നു. എങ്ങനെയായാലും, ഇതു ദാവീദും ഗൊല്യാത്തും തമ്മിലുള്ള, പോരാട്ടത്തിനു *മുമ്പാണ്* സംഭവിച്ചതെങ്കിൽ, ''ഒരു ശക്തനായ പോരാളി'' എന്നും ''ഒരു യോദ്ധാവു'' എന്നും പറഞ്ഞതിനർത്ഥം ആടുകളെ വന്യമൃഗങ്ങളിൽനിന്നും കള്ളന്മാരിൽ നിന്നും രക്ഷിച്ച ദാവീദിന്റെ ധൈര്യത്തെ മറ്റുള്ളവർ അറിഞ്ഞിരുന്നു എന്നാണ്. [55]ഒന്നു ശമുവേൽ 16:21, 22-ൽ തന്റെ ''ആയുധ-വാഹകനായി'' ശൗൽ ദാവീദിനെ എല്ലാസമയവും കൂടെ കൂട്ടിയിരുന്നു എന്നു പറയുന്നു. ഇതു 1 ശമുവേൽ 18:2-നായി കാത്തിരിക്കുകയാണെന്നു തോന്നുന്നു. [56]1 ശമുവേൽ 23:19. [57]2 ശമുവേൽ 1-ൽ ശൗലിനെക്കുറിച്ചും യോനാഥാനെക്കുറിച്ചും ദാവീദ് നടത്തിയ വിലാപം ദൈവത്തെക്കുറിച്ചു പറയാത്തതുകൊണ്ടു അതൊരു ''ലൗകിക'' പദ്യമാണെന്നു ചിലർ പറയുന്നു. എങ്ങനെയായാലും, ദൈവത്തെക്കുറിച്ചു പറയാത്ത പുസ്തകമാണ് എസ്തേർ എങ്കിലും, ആ പുസ്തകം ''ലൗകിക'' ത്തിൽ നിന്നും എത്രയോ അകലെയാണ്. [58]പ്രവൃത്തികൾ 2:38; ഗലാത്യർ 4:6.